## കേരള ഗവർണ്ണർ

# ശ്രീ. സികന്തർ ബക്ത്

## 2003 ജനുവരി 24-ാം തീയതി

## കേരള നിയമസഭയിൽ ചെയ്ത

## പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യരായ നിയമസഭാംഗങ്ങളെ,

മഹനീയമായ ഈ നിയമസഭയിൽ നിങ്ങളോടൊപ്പം സന്നിഹിതനാകുവാൻ കഴിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. മനോഹരമായ ഈ സംസ്ഥാനത്ത് ഗവർണ്ണറായി അധികാരമേറ്റെടുത്തതിനു ശേഷം ഇത് ആദ്യമായാണ് ഞാൻ നിങ്ങളെ അഭിസംബോധന ചെയ്യുന്നത്.

2. ഈ ഗവൺമെന്റ് ഇപ്പോൾ അതിന്റെ രണ്ടാം വർഷത്തിലാണ്. എന്റെ ഗവൺമെന്റ് അധികാരമേറ്റെടുത്തപ്പോഴുണ്ടായിരുന്ന വളരെ ദുർഘടമായ സാഹചര്യങ്ങളെക്കുറിച്ച് ദീർഘമായി ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കേണ്ടതില്ല. സാമ്പത്തിക പാപ്പരത്വത്തിന്റെ വക്കിലായിരുന്ന ഒരു സംസ്ഥാനം, സമ്പൂർണ്ണ സ്തംഭനത്തിലേക്ക് അപകടകരമായ രീതിയിൽ അടുത്തുകൊണ്ടിരുന്ന ഒരു ഭരണ സംവിധാനം—ഒരു വശത്തും; സാമൂഹികവും സാമ്പത്തികവുമായ ഉന്നതിക്കുവേണ്ടിയുള്ള കേരളീയരുടെ ഊർജ്ജസ്വലതയേയും, ഓജസ്സിനേയും, ഉത്സാഹത്തെയും വിലകൽപ്പിക്കാതിരുന്ന അനേകം വിലങ്ങുകൾ പൊട്ടിച്ചെറിയാൻ ആകാംക്ഷയോടെ കാത്തിരിക്കുന്ന കേരളത്തിലെ ജനങ്ങൾ—മറുവശത്തും. അതിനാൽ, കഴിഞ്ഞ ഇരുപത് മാസങ്ങളായി, എന്റെ ഗവൺമെന്റിന്റെ പ്രഥമ ദൗത്യമെല്ലാം തന്നെ പുനർനിർമ്മാണവും, പുനഃസൃഷ്ടിയും, പരിഷ്ക്കരണവുമായിരുന്നു. പൂർണ്ണ സ്തംഭനത്തിന്റെ ഭീഷണിയിലായിരുന്ന നമ്മുടെ പൊതു വ്യവസ്ഥിതികളുടെ ശോഷിച്ച പേശികളെ പുതിയ ഊർജ്ജസ്വലതയും, ജീവനും നൽകി വീണ്ടെടുക്കേണ്ടതുണ്ടായിരുന്നു. തീർച്ചയായും, ഇത് ഒരു എളുപ്പമായ കാര്യമല്ല.

3. കഴിഞ്ഞ വർഷം, എന്റെ ഗവൺമെന്റ് ഈ സഭയിൽ വച്ചു തന്നെ അഭിവൃദ്ധ്യുൻമുഖമായ പരിഷ്ക്കാരങ്ങൾക്ക് ഒരു കാര്യപരിപാടി രൂപപ്പെടുത്തിയിട്ടുണ്ട്. വിവിധ മേഖലകളിൽ നമ്മുടെ നയങ്ങൾ നടപ്പിലാക്കുന്നതിന് നിശ്ചയദാർഢ്യത്തോടെയുള്ള പ്രയത്നങ്ങൾ ആവശ്യമാണ്. അവയെല്ലാം തന്നെ മാനുഷിക ഭാവത്തോടുകൂടിയുള്ള ആധുനികവത്ക്കരണത്തിലും വികസനത്തിലും കേന്ദ്രീകരിച്ചിട്ടുള്ളതാണ്. പുനഃസ്ഥാപിക്കൽ, പുനഃസൃഷ്ടിക്കൽ എന്നീ പ്രക്രിയകൾ പൂർണ്ണതയിൽ നിന്നും വളരെ വിദൂരതയിലാണ്. പുരോഗതിയുടെ പാതയിലെ ദ്രുതഗതിയിലുള്ള പ്രയാണം പുറകോട്ട് വലിക്കുവാനോ നാം കൊയ്ത നേട്ടങ്ങളിൽ സംതൃപ്തരായിരുന്ന് നിശ്ചേഷ്ടരാവാനോ പാടില്ല. എന്നാൽ, നമ്മൾ ആപൽഘട്ടം തരണം ചെയ്തുകഴിഞ്ഞു. ശോഭനമായ ഭാവി വീണ്ടെടുക്കുന്നതിന്റെ സൂചനകൾ കേരളം വ്യക്തമായി കാണുന്നു.

4. ഒരു സംസ്ഥാനമെന്ന നിലയിൽ നാം, ഈ അടുത്ത കാലങ്ങളിൽ മറ്റെന്നത്തേക്കാളും നമ്മൾ നമുക്കായി രൂപപ്പെടുത്തിയ മഹത്തായ ദർശനം മനസ്സിലാക്കുന്നതിന് ശരിയായ മുൻതൂക്കം നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ധനകാര്യ നിർവ്വഹണം യഥാസ്ഥാനത്ത് തിരികെ കൊണ്ടുവരുന്നതിനും ബഡ്ജറ്റിന്റെ പരിപാവനത വീണ്ടെടുക്കുന്നതിനും ആയിരിക്കും പുതിയ ഗവൺമെന്റിന്റെ പ്രഥമ പരിഗണനയെന്ന് കഴിഞ്ഞ വർഷം എന്റെ ഗവൺമെന്റ് ഈ സഭയ്ക്ക് വാഗ്ദാനം നൽകിയിട്ടുണ്ടായിരുന്നു. സാമ്പത്തിക കമ്മിയും നികുതി കമ്മിയും കുറച്ചുകൊണ്ടു വരുന്നതിലും സാമ്പത്തിക നില സാധാരണ അവസ്ഥയിലേക്ക് നീങ്ങുന്നതിലും എന്നത്തേക്കാളും മികച്ച നേട്ടം 2002 മാർച്ചിൽ അവസാനിക്കുന്ന സാമ്പത്തിക വർഷം കാണുകയുണ്ടായത് നിങ്ങളെ അറിയിക്കാൻ എനിക്ക് സന്തോഷമുണ്ട്. ഒറ്റ വർഷത്തിൽ സാമ്പത്തിക കമ്മി 16% ത്തോളം താഴോട്ടു വന്നു. സർക്കാർ വകുപ്പുകളുടെ ട്രഷറി പബ്ളിക് അക്കൗണ്ടുകളിലേക്ക് സാങ്കൽപിക ചെലവുകൾ മാറ്റം വഴി ഉൾക്കൊള്ളിക്കുന്ന ക്രമരഹിതമായ രീതി പരിപൂർണ്ണമായി അവസാനിപ്പിച്ചു. വകുപ്പുകൾക്കും ഗവൺമെന്റ് സ്ഥാപനങ്ങൾക്കും തുകയുടെ ലഭ്യത മെച്ചപ്പെടുത്തുന്നത് ഉറപ്പു വരുത്തുന്നതിനുള്ള നൂതന സമ്പ്രദായങ്ങൾ നിലവിൽ വന്നു.

എന്റെ ഗവൺമെന്റ്, കഴിഞ്ഞ കാലത്തു കുമിഞ്ഞുകൂടിയതും 2001 മേയ് മാസം അതിന്റെമേൽ നിർദ്ദാക്ഷിണ്യം അടിച്ചേൽപ്പിച്ചതുമായ ബാദ്ധ്യതകൾ കൊടുത്തു തീർക്കുന്ന പ്രക്രിയയിലാണ്. ഈ വർഷം പ്രത്യേകിച്ച് കഴിഞ്ഞ കുറെ മാസങ്ങളിൽ, റവന്യൂ വരുമാനം കാര്യമായി ഉയർന്നിട്ടുള്ളതും ശ്ലാഘനീയമായ നേട്ടങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. പ്രത്യേകിച്ചും സന്തോഷകരമായ മറ്റൊരു വസ്തുത, സർക്കാരും അതിന്റെ ഏജൻസികളും വിപണിയിലിറക്കിയ ബോണ്ടുകളിൻമേലുള്ള പ്രതികരണത്തിൽ നിന്നും തെളിഞ്ഞതുപോലെ ധനകാര്യ സ്ഥാപനങ്ങളുടെ ഇടയിൽ സംസ്ഥാനത്തിന്റെ വിശ്വാസ്യത വേർതിരിച്ചറിയത്തക്കവിധം ഈ കാലയളവിൽ മെച്ചപ്പെട്ടിട്ടുണ്ട്.

5. തോട്ടം മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ നമ്മുടെ സജീവമായ ഇടപെടലുകൾ തുടർന്നും ആവശ്യമുള്ളതായി എന്റെ ഗവൺമെന്റ് വിലയിരുത്തുന്നു. ഈ വസ്തുതകൾ നിലനിൽക്കെത്തന്നെ തേയില, കാപ്പി, അടയ്ക്ക പോലുള്ള വിളകൾ ഒഴികെ കാർഷിക മേഖലയിൽ നിന്നുള്ള ശുഭകരമായ സൂചനകൾ, കാർഷിക മേഖലയിലെ തകർച്ചയുടെ മൂർദ്ധന്യാവസ്ഥ തരണം ചെയ്തുകഴിഞ്ഞു എന്നതാണ്. ചുരുക്കം ചില പ്രധാനപ്പെട്ട സാധനങ്ങളുടെയെങ്കിലും കാർഷിക വിലകൾ വളരെ ആരോഗ്യകരമായ പ്രവണത കാണിക്കുന്നുണ്ട്. വ്യക്തമായും ഇത്, സന്നിഗ്ദ്ധാവസ്ഥയിൽ, കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ സഹായിക്കുകയും വളർച്ചയുടെയും സമൃദ്ധിയുടെയും മർമ്മപ്രധാനമായ പുനഃപ്രാപ്തിക്കുള്ള രംഗമൊരുക്കുന്നതിന് എന്റെ ഗവൺമെന്റിനെ പ്രാപ്തമാക്കുകയും ചെയ്യും.

6. വിദ്യാഭ്യാസ മേഖലയിലെ ഊർജ്ജത്തെ വികസനോൻമുഖമായി വിടുന്നതിന് എന്റെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇക്കാരണത്താൽ പ്രത്യക്ഷത്തിൽ ഈ വർഷംമാത്രം 1000 കോടി രൂപയ്ക്ക് മേലുള്ള ആകർഷകമായ മൂലധന നിക്ഷേപമുണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രതീക്ഷിക്കുന്ന ബൃഹത്തായ അനുബന്ധ നേട്ടങ്ങളെക്കുറിച്ച് പറയേണ്ടതില്ല. ഉന്നത വിദ്യാഭ്യാസ, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കേരളം ഒരളവ് കുതിച്ചുചാട്ടത്തിന് ഇപ്പോൾ മുൻതൂക്കം നൽകിയിട്ടുണ്ട്. നമ്മുടെ

ത്രന്തപരമായ നീക്കങ്ങൾകൊണ്ട് വളരെ ഉയർന്ന നിലവാരമുള്ള മനുഷ്യസമ്പത്ത് പ്രദാനം ചെയ്യുന്നതിനുള്ള കഴിവിന്റെ പ്രഥമ സ്ഥാനം കേരളത്തിന് വീണ്ടെടുക്കാൻ കഴിയും. വ്യക്തമായും, ഇത് സംസ്ഥാനത്തിൽ നിക്ഷേപങ്ങളുടെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ബഹുദൂരം മുന്നോട്ട് പോകുന്നതിനുമുള്ള അനുകൂലമായ സ്വാധീനം ഉണ്ടാക്കും.

7. ആഗോള നിക്ഷേപ സംഗമത്തിന് (ജിം) അത്യുഗ്രമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. രാജ്യത്തിൽ, കൂടുതൽ ഇഷ്ടപ്പെടുന്ന നിക്ഷേപ ലക്ഷ്യസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്നതിനും സ്വകാര്യ-പൊതുമേഖലകളിലൂടെ സംസ്ഥാനത്ത് നിക്ഷേപത്തിനായി ഫണ്ടുകൾ ആകർഷിക്കുന്നതിനുമുള്ള എന്റെ ഗവൺമെന്റിന്റെ നയങ്ങളുടെ സാധുതയെ ഇത് വ്യക്തമായി പുനഃസ്ഥിരീകരിക്കുന്നു. കേരളത്തിലെ തൊഴിലാളിവർഗ്ഗത്തിന് മേൻമയുള്ള തൊഴിലവസരവും വരുമാനവും വർദ്ധിപ്പിക്കുന്നതിനും നഗര പ്രദേശങ്ങളിലേയും ഗ്രാമ പ്രദേശങ്ങളിലേയും വികസന സാദ്ധ്യതകൾ മെച്ചപ്പെടുത്തുന്നതിനും വ്യവസായത്തിന്റെയും അടിസ്ഥാന സൗകര്യത്തിന്റെയും വികസനം മർമ്മപ്രധാനങ്ങളാണ്. അത്തരം നിക്ഷേപത്തിന് പൊതുമേഖലയിൽ നിന്നും ആവശ്യമായത്ര മിച്ചം ഇക്കാലങ്ങളിൽ ദുർലഭമായിരിക്കെ, സ്വകാര്യ മേഖലയും മറ്റ് ഫണ്ടിംഗ് ഏജൻസികളും വഴി തയ്യാറാക്കിയെടുത്ത വിഭവങ്ങൾ ഗൗരവമായ പ്രാമുഖ്യമാണ് നിസ്സംശയം കൈവരിക്കുന്നത്. എന്റെ ഗവൺമെന്റ് സമഗ്രമായ നിയമ പരിഷ്ക്കരണങ്ങൾക്ക് തുടക്കം കുറിക്കുകയും, കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കാനും, സംസ്ഥാനത്തിന്റെ വികസനത്തെ മന്ദഗതിയിലാക്കുന്ന ചട്ടങ്ങളും, നടപടികളും, ലഘൂകരിക്കാനും ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് നിക്ഷേപക വിശ്വാസം മെച്ചപ്പെടുത്തുന്ന നടപടികളുടെ ഭാഗമായി, എന്റെ ഗവൺമെന്റ് കയറ്റിറക്ക് രംഗത്തെ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുന്ന ചില തൊഴിൽ രീതികൾ നീക്കം ചെയ്തിട്ടുണ്ട്. ഈ മാറ്റങ്ങൾ തൊഴിൽ അവസരങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കുമെന്ന് മിക്ക തൊഴിലാളി സംഘടനകൾ പോലും പുരോഗമനപരമായി മനസ്സിലാക്കിയിരിക്കുന്നു. കൂടെക്കൂടെയുള്ള ഹർത്താലുകൾ, ശിഥിലീകരണ ബന്ദുകൾ, സമരങ്ങൾ എന്നിവപോലുള്ള പ്രശ്നങ്ങളെക്കുറിച്ച് ഒരു രാഷ്ട്രീയ സമവായം

ഉരുത്തിരിഞ്ഞു വരേണ്ടതുണ്ട്. പല അവസരങ്ങളിലും അവ കേരളത്തിന്റെ നിക്ഷേപരംഗത്തെ വികലമാക്കുകയും നമ്മുടെ സംസ്ഥാനത്തേക്ക് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുള്ള നയപരമായ തുടക്കങ്ങൾക്ക് വിരുദ്ധമായിട്ടുമുണ്ട്.

**8.** കുടുതൽ കൂടുതൽ നിക്ഷേപകർ, ഇപ്പോൾ, ഐ. റ്റി. നിക്ഷേപങ്ങൾക്ക് ശോഭനവും പ്രതീക്ഷയ്ക്ക് വകയുള്ളതുമായ ഒരു ലക്ഷ്യസ്ഥാനമായി കേരളത്തെ ഗൗരവമായി പരിഗണിക്കാൻ തുടങ്ങിയിട്ടുണ്ട്- ഈ മേഖലയിൽ എന്റെ ഗവൺമെന്റിന്റെ കാൽവയ്പുകൾക്കുള്ള മറ്റൊരു സാക്ഷ്യപത്രം. സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖല, അത് കഴിഞ്ഞ കാലങ്ങളിൽ കൈവരിച്ച അംഗീകാരത്തിൻമേൽ, മതിപ്പുളവാക്കുന്ന തരത്തിൽ കെട്ടിപ്പടുത്തുകൊണ്ടിരിക്കുകയാണ്. ലോകത്തിലെ ഏറ്റവും നല്ല വിനോദസഞ്ചാര പ്രദേശങ്ങളുടെ ഇടയിൽ കേരളം മുൻപന്തിയിൽ നിലകൊള്ളുന്നു. വ്യക്തമായും, ഒരു ചലനാത്മകമായ കേരളമെന്ന സ്വപ്നം നമുക്ക് മുന്നിൽ വിടരുകയാണ്.

**9.** പ്രതിസന്ധി അതിജീവിക്കുന്നതിന് എന്റെ ഗവൺമെന്റിന് ചില കടുത്ത നടപടികൾ എടുക്കേണ്ടതായി വന്നിട്ടുണ്ട്. സംസ്ഥാനത്തെ സാമ്പത്തിക നിലയെ ആരോഗ്യപരമായ അവസ്ഥയിലേക്ക്, പരിചരിച്ച് മടക്കിക്കൊണ്ട് വരുന്നതിൽ ഗവൺമെന്റ് ഏറ്റെടുക്കേണ്ടതായി വന്ന ഭഗീരഥ പ്രയത്നമെന്താണെന്ന് പൂർണ്ണമായി മനസ്സിലാക്കിക്കൊണ്ട്, കേരളത്തിലെ ജനങ്ങളും സഹകരിച്ചു. ഈ പുനഃസ്ഥാപന പരിഷ്കരണ പ്രക്രിയകളിൽ പൂർണ്ണ മനസ്സോടെ ഞങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്ന സർക്കാർ ജീവനക്കാരുടെ പ്രയത്നത്തെ എന്റെ ഗവൺമെന്റ് അഭിനന്ദിക്കുന്നു. ജോലി ചെയ്യുന്നതിനുള്ള ശരിയായ ഒരു അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് നവീകരിച്ചതും പൂർണ്ണ പരിശീലനം സിദ്ധിച്ചതുമായ ഒരു ഉദ്യോഗസ്ഥവൃന്ദം വാർത്തെടുക്കുന്നതിനായിരിക്കും ഈ വർഷം ഊന്നൽ നൽകുക. തുടക്കത്തിൽ, സെക്രട്ടേറിയറ്റിനെയും, തുടർന്ന്, സംസ്ഥാന-ജില്ലാതല ഓഫീസുകളെയും ആധുനികവത്കരിക്കുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യുന്ന ജോലി ഏറ്റെടുക്കാനാണ് എന്റെ ഗവൺമെന്റ് പ്രത്യാശിക്കുന്നത്.

**10.** ഈ വേളയിൽ, കൂട്ടായ ആത്മപരിശോധന നടത്തുന്നതിനായി, ചില ചോദ്യങ്ങൾ ഉന്നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വികസന കാര്യങ്ങൾ വരുമ്പോൾ നമ്മുടെ എല്ലാ അഭിപ്രായവ്യത്യാസങ്ങളും മാറ്റിവച്ചുകൊണ്ട് ഒരു സംസ്ഥാനമെന്ന നിലയിൽ ഒന്നിച്ചുനിൽക്കാൻ നമുക്ക് കഴിയില്ലേ? ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്ത് (1997–2002), പുറത്തു നിന്നുള്ള സഹായമായി, ഭാരത സർക്കാർ വിതരണം ചെയ്ത മൊത്തം 36,159 കോടി രൂപയിൽ, കേരളത്തിന് 259 കോടി രൂപ മാത്രമാണ് ലഭിച്ചത്—രാജ്യത്തിനുള്ളിൽ ഒഴുകിയെത്തിയ പുറത്തു നിന്നുള്ള മൊത്തം ഫണ്ടിന്റെ 0.8% മാത്രം. ആളോഹരി അടിസ്ഥാനത്തിൽ, ദേശീയ ശരാശരിയായ 70.42 രൂപയുടെ സ്ഥാനത്ത് കേരളത്തിന് കിട്ടിയ തുക 18.55 രൂപ മാത്രം. ഭാരത സർക്കാരിൽ നിന്നോ, മറ്റെവിടെ നിന്നോ ആയാലും നമുക്ക് നിയമാനുസൃതം തേടാവുന്ന എല്ലാ വിഭവങ്ങളും സംസ്ഥാനത്തിന് ലഭിക്കുന്നതിനുവേണ്ടി എല്ലാ വ്യത്യാസങ്ങളും മറന്ന് യോജിക്കാനുള്ള സമയമിതല്ലേ?

**11.** 1998-ൽ എ. ഡി. ബി. ക്ക് സമർപ്പിച്ച അപേക്ഷയിൻമേൽ ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കുമായി (എ. ഡി. ബി.) ഈ ഗവൺമെന്റ് പലവട്ടം കൂടിയാലോചനകളും ചർച്ചകളും നടത്തിയിട്ടുണ്ട്. കേരള മോഡേണൈസിംഗ് ഗവൺമെന്റ് പ്രോഗ്രാം ആന്റ് ഫിസ്ക്കൽ റിഫോംസ് ലോൺ നെതർലാൻഡ് ഗവൺമെന്റിന്റെ പങ്കാളിത്തത്തോടുകൂടി എ. ഡി. ബി. യിൽ നിന്നും എടുക്കുന്നതിനുള്ള കരാറുകൾ നമ്മൾ വിജയകരമായി ഒപ്പിട്ടു. സംസ്ഥാനത്തിന്റെ പരമാധികാരത്തിൽ വിട്ടുവീഴ്ച ചെയ്തുകൊണ്ട് യാതൊരു കാരണത്താലും ഒന്നും അംഗീകരിക്കില്ലെന്ന് ആവർത്തിച്ചുള്ള ഉറപ്പുകൾ പല അവസരങ്ങളിലായി എന്റെ ഗവൺമെന്റ് നൽകിയിരുന്നു. ഇപ്പോൾ, എന്റെ ഗവൺമെന്റ്, ഈ നിയമസഭയിൽ വയ്ക്കുന്ന, എ. ഡി. ബി. യുമായുള്ള കരാറുകൾ നിങ്ങൾ വായിക്കുന്ന മുറയ്ക്ക്, പൊതുതാല്പര്യ പ്രശ്നങ്ങളിൽ ഒരിഞ്ചുപോലും വിട്ടുവീഴ്ച ചെയ്യാതെ വികസനത്തിനായി ഗണ്യമായ നിലയിലുള്ള ഫണ്ടുകൾ നമുക്കായി ലഭിക്കുന്നതിന് കൂടിയാലോചനകൾ നടത്താൻ നമുക്ക് കഴിഞ്ഞുവെന്നത് ഈ ഗവൺമെന്റിന്റെ തൊപ്പിയിലെ മറ്റൊരു തൂവൽ കൂടിയാണെന്ന് നിങ്ങൾക്ക് ബോദ്ധ്യമാകും. തിരിഞ്ഞു നോക്കുമ്പോൾ,

വിരാമമില്ലാത്ത ശകാര വർഷങ്ങൾ മാത്രം തൊടുത്തുവിടാനായി നമ്മൾ ചെലവഴിച്ച ഭീമമായ സമയം മനുഷ്യപ്രയത്നങ്ങളുടെ വൃഥാ വ്യാപരണമല്ലേയെന്ന് നമുക്ക് ഇപ്പോൾ തോന്നുന്നില്ലേ?

**12.** 'എ. ഡി. ബി.' യോ, നമ്മുടെ സംസ്ഥാനത്തിന്റെ ഏതെങ്കിലും വികസന പ്രശ്നമോ, രാഷ്ട്രീയ നേട്ടത്തിനു വേണ്ടിയുള്ള സങ്കുചിത വിവാദാത്മക വാദപ്രതിവാദമായി മാറ്റരുത്. നമ്മൾ ഓരോരുത്തരെക്കാളും നമ്മൾ പ്രതിനിധീകരിക്കുന്ന സംഘടനകളെക്കാളും അല്ലെങ്കിൽ നമ്മൾ ഉയർത്തിപ്പിടിക്കുന്ന പ്രത്യയശാസ്ത്രങ്ങളെയും വിശ്വാസങ്ങളേയുംകാൾ വലുതാണ് സംസ്ഥാനത്തിന്റെ താല്പര്യം. നമ്മുടെ ഇടയിലുള്ള വിവാദങ്ങൾ, പൊതു താല്പര്യം അപകടത്തിലാക്കുന്ന തരത്തിൽ, വികസനവുമായി കൂട്ടിക്കുഴയ്ക്കരുത്.

**13.** നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യത്തിനുവേണ്ടി ഭാരത സർക്കാരുമായി ക്രിയാത്മകമായി ചേർന്ന് പ്രവർത്തിക്കുന്നതിന് എന്റെ ഗവൺമെന്റ് നൽകിയ ഊന്നൽ വൻപിച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് ഈ മഹത്തായ സഭയെ അറിയിക്കുന്നതിന് എനിക്ക് സന്തോഷമുണ്ട്. ഭാരത സർക്കാരുമായി ചേർന്നുള്ള പദ്ധതികൾ പിൻതുടർന്ന് വിജയകരമാക്കുന്നതിനുള്ള യോജിച്ച പ്രവർത്തനങ്ങൾ എന്റെ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. വല്ലാർപാടത്തെ ഇന്റർ നാഷണൽ കണ്ടെയ്നർ ടെർമിനൽ, നമ്മുടെ വിമാനത്താവളങ്ങളിൽ നിന്നുള്ള കൂടുതൽ അന്തർദേശീയ വിമാന സർവീസുകൾ, വിഴിഞ്ഞത്ത് അനുവദിച്ച കോസ്റ്റ് ഗാർഡ് സ്റ്റേഷൻ, ദേശീയ ജലപാത III-ന്റെ വികസനത്തിന് ഭാരത സർക്കാരിൽ നിന്നും ലഭിച്ച അനുകൂല പ്രതികരണം, എറണാകുളം-കായംകുളം തീവണ്ടിപ്പാതയുടെ ഇരട്ടിപ്പിക്കൽ (ആലപ്പുഴയും കോട്ടയവും വഴി) എന്നിവ അത്തരം പ്രയത്നങ്ങളുടെ ഫലങ്ങളിൽ ചിലതാണ്. ഭാരത സർക്കാരിന്റെ ശ്രദ്ധയിൽ പല പദ്ധതികളും കൊണ്ടു വരുന്നതിന് ബഹുമാനപ്പെട്ട നമ്മുടെ പാർലമെന്റ് അംഗങ്ങളിൽ നിന്നും ലഭിച്ച സഹായം എന്റെ ഗവൺമെന്റ് നന്ദിപൂർവം സ്മരിക്കുന്നു.

**14.** എ. ഡി. ബി. യും, നെതർലാൻഡ് ഗവൺമെന്റും ധനസഹായം ചെയ്ത പാക്കേജിന്റെ ഭാഗമായി സാധാരണക്കാർക്ക്, പ്രത്യേകിച്ച് പാവങ്ങൾക്ക് ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്ന

പദ്ധതികളുടെ ഒരു വിതാനത്തിന് തന്നെ എന്റെ ഗവൺമെന്റ് രൂപകല്പന ചെയ്തിട്ടുണ്ട്. ഭാരത സർക്കാരിൽ നിന്നും 601.30 കോടി രൂപ ഈ വായ്പയുടെ ആദ്യഭാഗമായി എന്റെ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ഈ വായ്പ പ്രകാരമുള്ള ഫണ്ടിന്റെ ഒരു ഭാഗം ചില അടിയന്തിര സാമ്പത്തിക ആശ്വാസത്തിനായി ഖജനാവിലേക്ക് പോകുമെങ്കിലും, സംസ്ഥാനത്തിന്റെ പല മർമ്മ പ്രധാനമായ മുൻഗണനാവശ്യങ്ങളും പ്രതിഫലിപ്പിക്കുന്ന ഭംഗിയായി രൂപകൽപ്പന ചെയ്ത പദ്ധതികളുടെ പാക്കേജിനായി സിംഹഭാഗവും ഉപയോഗിക്കാൻ എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. നമ്മുടെ പത്താം പഞ്ചവത്സര പദ്ധതിയിലും തദ്ദേശസ്ഥാപനങ്ങൾക്കായി ഈയിടെ പ്രഖ്യാപിച്ച കേരള വികസന പദ്ധതിയിലും നമ്മൾ നമുക്കായി തയ്യാറാക്കിയ വികസന ലക്ഷ്യങ്ങൾ ഈ പദ്ധതികൾ പ്രതിഫലിപ്പിക്കും. ആശുപത്രികളുടെയും സ്കൂളുകളുടെയും ആസ്തി പുതുക്കൽ, ആരോഗ്യരക്ഷാപ്രദാനം മെച്ചപ്പെടുത്തൽ, പഞ്ചായത്തുകളിൽ ജലവിതരണ പദ്ധതികൾ പുനഃസ്ഥാപിക്കൽ, അഗതികൾക്കുള്ള സാമൂഹിക സേവന പദ്ധതി, തൊഴിലാളികളുടെ പുനരധിവാസം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കർമ്മപദ്ധതി നടപ്പിലാക്കൽ, പൊതുവിതരണ സമ്പ്രദായങ്ങളുടെ മെച്ചപ്പെടുത്തൽ, ഗവൺമെന്റ് സംവിധാനത്തിന്റെ തന്നെ പദവി ഉയർത്തൽ എന്നിവ ഈ പാക്കേജിൽ ഉൾപ്പെടുന്നു. ഈ പരിപാടിയുടെ കീഴിൽ സ്ത്രീകൾക്കും, കുട്ടികൾക്കും, വൃദ്ധർക്കും, അഗതികൾക്കും, ശാരീരികവും മാനസികവുമായ വെല്ലുവിളികളെ നേരിടുന്നവർക്കും പ്രത്യേക പദ്ധതികൾ രൂപപ്പെടുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംസ്ഥാന ഗവൺമെന്റ് സഹായിക്കും. കേരളം ഇന്നലെകളിൽ കൈവരിച്ച സാമൂഹിക സൂചകങ്ങൾ സംരക്ഷിക്കാൻ അനുവർത്തിച്ചുപോന്ന അതിന്റെ അർപ്പണബോധം പുനഃസ്ഥിരീകരിക്കാൻ ഈ പ്രത്യേക ഉദ്യമങ്ങൾ സഹായിക്കും.

**15.** എന്റെ ഗവൺമെന്റിന്, അതിന്റെ പത്താം പഞ്ചവൽസര പദ്ധതിയിൽ സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി ഒരു മഹത്തായ ദർശനം വ്യക്തമായി നിർവ്വചിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഇരുപതു മാസക്കാലങ്ങളിൽ ഗവൺമെന്റ് എടുത്ത വിവിധ നടപടികൾ, പ്രശ്നങ്ങളുടെ മേൽ ശ്രദ്ധകേന്ദ്രീകരിച്ച് അവയ്ക്ക് വ്യക്തത വരുത്തുന്നതിനും സംസ്ഥാനത്തിലെ യഥാർത്ഥമായ

വികസന ലക്ഷ്യങ്ങളെ വെളിപ്പെടുത്തുന്നതിനും തീർച്ചയായും സഹായിച്ചിട്ടുണ്ട്. ഈ ഉദ്യമങ്ങളെ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ഒരു പൊതുചട്ടക്കൂടിനുള്ളിൽ ഒരുമിച്ചു കൊണ്ടുവരുന്നതിനുള്ള ഒരു ശ്രമമാണ് കേരള മോഡേണൈസിംഗ് ഗവൺമെന്റ് പ്രോഗ്രാം (എം. ജി. പി.) ആന്റ് ഫിസ്ക്കൽ റിഫോം ലോണിന്റെ കീഴിൽ നമ്മൾ രൂപകൽപ്പന ചെയ്തിട്ടുള്ള ഈ പാക്കേജ്. എം. ജി. പി. കേരളത്തിന് ഒരു വികസന സമീപനം വിഭാവനം ചെയ്യുന്നത് അഞ്ച് പ്രധാന സ്തംഭങ്ങളെ ചുറ്റിപ്പറ്റിയാണ്. അതായത് പാവങ്ങൾക്കും സാധാരണക്കാർക്കും അടിസ്ഥാന പൊതു സേവനങ്ങളുടെ സുനിശ്ചിതമായ ഒരു തലം ഉറപ്പാക്കലും, വളർച്ചയ്ക്ക് സഹായകമായ ഒരു പരിതഃസ്ഥിതി കെട്ടിപ്പടുക്കലും, സംസ്ഥാനത്തെയും തദ്ദേശസ്വയംഭരണ സ്ഥാപനത്തെയും സാമ്പത്തികമായി നിലനിൽക്കുന്നവയാക്കിത്തീർക്കലും, കാതലായ ഗവൺമെന്റ് പ്രവർത്തനങ്ങളുടെ കാര്യക്ഷമതയും പ്രയോഗക്ഷമതയും വർദ്ധിപ്പിക്കലും, അവസാനമായി കൂടുതൽ കാര്യക്ഷമവും പ്രയോഗക്ഷമവും പ്രാപ്യവുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സൃഷ്ടിച്ചുകൊണ്ട് നമ്മുടെ അധികാരവികേന്ദ്രീകരണത്തെ കെട്ടിപ്പടുക്കലുമാണ്. എം. ജി. പി. യുടെ മാറ്റും, സവിശേഷതകളും വിശദീകരിച്ചുകൊണ്ട് വരുംമാസങ്ങളിൽ രാജ്യക്ഷേമ തത്പരരായ മുഴുവൻ ആളുകളുമായി വിശാലമായ കൂടിയാലോചനകൾ നടത്താൻ എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

**16.** നമ്മുടെ സംസ്ഥാനത്തിനു വേണ്ടിയുള്ള ദർശനം യാഥാർത്ഥ്യമാക്കി മാറ്റുന്നതിന് കൂടുതൽ മേൻമയുള്ള ആസൂത്രണം ആവശ്യമാണ്. ഗവൺമെന്റിന് ആവശ്യമായത് എന്തെന്നാൽ, ആസൂത്രണ പ്രക്രിയയുടെ വ്യക്തമായി പരിശോധിച്ചറിയാവുന്ന നേട്ടങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള നയം, പരിപാടികൾ, ബഡ്ജറ്റ് എന്നിവ തമ്മിലുള്ള ഒരു ഘടനാപരമായ ബന്ധം സ്ഥാപിക്കലാണ്. ജീവനക്കാരുടെ ചെലവുകൾ, പ്രവർത്തനപരിപാലന ചെലവുകൾ, പദ്ധതികളിലെ പുതിയ നിക്ഷേപങ്ങൾ എന്നിവയുടെ പരമാവധി അനുകൂലമായ അളവിലുള്ള സംയോജനം കണക്കിലെടുത്തു കൊണ്ടുള്ള 'റിസോഴ്സ് എൻവലപ്പ്'' എന്ന ആശയത്തിൻമേൽ അടുത്ത വർഷം തെരഞ്ഞെടുക്കപ്പെട്ട വകുപ്പുകൾ അവരുടെ വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്ന പ്രക്രിയ ആരംഭിക്കും. പാവങ്ങളുടെ

പ്രയോജനത്തിന് പ്രത്യേകമായി സൃഷ്ടിച്ച ആസ്തികൾ ഉൾപ്പെടുന്ന ആസ്തികളുടെ നടത്തിപ്പിനുള്ള ഒരു നയം എന്റെ ഗവൺമെന്റ് ഇതിനകംതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. സമയത്തിന്റെയും ചെലവിന്റെയും പരിധികൾ അതിക്രമിച്ചുകൊണ്ടിരിക്കുന്ന, കാര്യക്ഷമമല്ലാത്ത നിക്ഷേപങ്ങളിലേക്കും പാഴാക്കലിലേക്കും നയിച്ചുകൊണ്ടിരിക്കുന്ന ധാരാളം അടിസ്ഥാന സൗകര്യ പദ്ധതികൾ ഇവിടെയുണ്ട്. ദീർഘനാളായി പൂർത്തിയാക്കാത്ത അത്തരം അടിസ്ഥാന സൗകര്യ പദ്ധതികൾക്കായി ഒരു നയം ആവിഷ്ക്കരിച്ചിട്ടുണ്ട്.

**17.** സംസ്ഥാനത്തിന്റെ പത്താം പദ്ധതി, തൊഴിൽ സൃഷ്ടിക്കുന്നതിലൂടെ ദാരിദ്ര്യം കുറയ്ക്കുന്നതിനാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ദാരിദ്ര്യം ഒരു ബഹുമുഖ പ്രതിഭാസമാണ്. ദാരിദ്ര്യം കൊണ്ടുള്ള ഇല്ലായ്മയുടെ തിക്തഫലം തച്ചുടയ്ക്കുന്നതിന് ബഹുമുഖ സമീപനം ആവശ്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളെ സംസ്ഥാന ആസൂത്രണ പരിപാടികളുമായി കൂട്ടിയിണക്കുന്ന ദാരിദ്ര്യവിരുദ്ധ ഉപപദ്ധതി തയ്യാറാക്കി ആവിഷ്ക്കരിച്ച ആദ്യത്തെ സംസ്ഥാനം നമ്മുടേതാണെന്ന് പ്രഖ്യാപിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ദാരിദ്ര്യം ലഘൂകരിക്കുന്നതിന് കൂടുതൽ ഫലപ്രദവും അർത്ഥവത്തുമായ ആസൂത്രണം ചെയ്യുന്നതിനുള്ള ഒരു നടപടിയായി, കേരളത്തിലെ ദാരിദ്ര്യത്തിന്റെ എല്ലാ മുഖ്യഘടകങ്ങളും വെളിച്ചത്തുകൊണ്ടുവരുന്നതിനും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളെ തിരിച്ചറിയുന്നതിനും സമഗ്രമായ സർവ്വേ നടത്തുന്നതിന് എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഈ വർഷം, സംസ്ഥാന ആസൂത്രണകമ്മീഷനുമായി പങ്ക് ചേർന്ന് സംസ്ഥാനത്തിനു വേണ്ടി ഒരു മാനവിക വികസന റിപ്പോർട്ടും സംസ്ഥാന വികസന റിപ്പോർട്ടും തയ്യാറാക്കുന്നതിന് എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട് എന്ന് ഞാൻ ഇവിടെ പ്രത്യേകം എടുത്തുപറയട്ടെ.

**18.** നമ്മുടെ ഭരണഘടന വിഭാവനം ചെയ്തിട്ടുള്ള അധികാരവികേന്ദ്രീകരണ പ്രക്രിയയ്ക്ക് എന്റെ ഗവൺമെന്റ് അങ്ങേയറ്റം പ്രതിജ്ഞാബദ്ധമാണ്. നാം പ്രഖ്യാപിച്ച കേരള വികസന പദ്ധതി നമ്മുടെ സംസ്ഥാനത്തെ അധികാരവികേന്ദ്രീകരണ പ്രക്രിയയെ കൂടുതൽ ശക്തിപ്പെടുത്തുന്ന ചിട്ടയായ ഒരു ഉദ്യമമാണ്.

പദ്ധതിക്ക് തുടക്കമിട്ട്, അടുത്ത കാലത്ത് സമാപിച്ച പ്രചാരണ പ്രവർത്തനങ്ങൾ അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനുള്ള ഗവൺമെന്റിന്റെ ദൃഢമായ തീരുമാനത്തിന്റെ അസന്നിഗ്ധമായ പ്രഖ്യാപനമാണ്.

**19.** തദ്ദേശ പങ്കാളിത്തത്തോടെ കേരളത്തിലെ ദാരിദ്ര്യം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുകയെന്ന പ്രതിജ്ഞാബദ്ധമായ ലക്ഷ്യത്തോടുകൂടി മുന്നോട്ടുകുതിക്കുന്ന, സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യമായ കുടുംബശ്രീ ഇപ്പോൾ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ചെറുസംരംഭങ്ങളുടെ വ്യാപ്തിയുടെയും വിഭവസമാഹരണത്തോതിന്റെയും എണ്ണത്തിലും ഗുണത്തിലുമാണ് നേട്ടങ്ങൾ യഥാർത്ഥത്തിൽ കാണപ്പെടുന്നത്. കുടുംബശ്രീയുടെ പ്രവർത്തനമണ്ഡലത്തിൽ ബാലസഭകൾ പോലെ സാമൂഹ്യ പ്രസക്തമായ വളരെയധികം ഉദ്യമങ്ങൾ ഉൾപ്പെടുന്നു. 107 സ്കൂളുകളിൽ ഐ. റ്റി. @ സ്കൂൾ പ്രോഗ്രാമും, എസ്. ജെ. എസ്. ആർ. വൈ., എൻ. എസ്. ഡി. പി., 43 മുനിസിപ്പാലിറ്റികൾക്കുവേണ്ടിയുള്ള വി. എ. എം. ബി. എ. വൈ. എന്നിങ്ങനെ കേന്ദ്രസഹായത്തോടുകൂടിയ നഗരദാരിദ്ര്യ ലഘൂകരണ പദ്ധതികളും ഏറ്റെടുത്തിട്ടുണ്ട്. 2003-2004-ൽ മിതവ്യയത്തിലൂടെ 250 കോടി രൂപ പിരിച്ചെടുക്കുന്നതിന് ലക്ഷ്യമിടുകയും എല്ലാ വാർഡുകളിലും ബാലസഭകൾ രൂപീകരിക്കുകയും, 5000 ഹെക്ടറിനു മുകളിൽ പാട്ടഭൂമികൃഷി ഏറ്റെടുക്കുകയും 100-ൽ പരം പഞ്ചായത്തുകളിൽ അഗതികളുടെ പുനരധിവാസ പദ്ധതി നടപ്പാക്കുകയും ചെയ്തുകൊണ്ട് കുടുംബശ്രീ അതിന്റെ പ്രവർത്തനങ്ങളിൽ കുതിച്ചുകയറ്റം നടത്തുന്നതാണ്.

**20.** എന്റെ ഗവൺമെന്റ് സംസ്ഥാനമൊട്ടുക്ക് ഖരമാലിന്യ മാനേജ്മെന്റിനും ശുചിത്വം ഉറപ്പുവരുത്തുന്നതിനും മുഖ്യ ലക്ഷ്യം ഇട്ടുകൊണ്ട് "ക്ലീൻ കേരളാ ഇനിഷ്യേറ്റീവ്" സമാരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ 5 കോർപ്പറേഷനുകളിലും 26 മുനിസിപ്പാലിറ്റികളിലും ഈ പദ്ധതി ഏറ്റെടുക്കുന്നതും അതിനുശേഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വ്യാപിപ്പിക്കുന്നതുമാണ്.

**21.** തലസ്ഥാന പ്രദേശമായ തിരുവനന്തപുരത്തെ വികസിപ്പിക്കുന്നതിനും ഇതിനായി ഒരു വീക്ഷണരേഖ ഉണ്ടാക്കുന്നതിനും എന്റെ ഗവൺമെന്റ് മുന്തിയ പ്രാധാന്യം നൽകുന്നു. ഹഡ്കോയുടെയും ഭാരത സർക്കാരിന്റെയും സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഹാബിറ്റാറ്റ് സെന്റർ തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. കോഴിക്കോട് ഒരു 'ഹഡ്കോ ഹാത് 'സ്ഥാപിക്കാനുള്ള ഉദ്ദേശവുമുണ്ട്. കൊച്ചിയിലെ ഗോശ്രീ പ്രോജക്റ്റിന്റെ പണി വരുന്ന വർഷം പൂർത്തിയാക്കാനും എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. 2003–2004-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കംപ്യൂട്ടർവല്ക്കരണം ഇൻഫർമേഷൻ കേരള മിഷൻ (ഐ. കെ. എം.) പൂർത്തിയാക്കുന്നതാണ്.

**22.** സാമൂഹിക വികസന സുവർണ്ണ ജൂബിലി വർഷ ആഘോഷങ്ങൾ ശ്രദ്ധേയമാക്കുന്നതിന്, വിവിധ ദാരിദ്ര്യലഘൂകരണ പരിപാടികളുടെ നേട്ടങ്ങൾ സമാഹരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ പല പരിപാടികളും സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ജൂബിലി വർഷത്തിൽ കംപ്യൂട്ടർവൽക്കരണവും ജീവനക്കാർക്കുള്ള പ്രത്യേക പരിശീലനവും ഉൾപ്പെടെ ഗ്രാമവികസന വകുപ്പിന്റെ നവീകരണത്തിനായിരുന്നു കൂടുതൽ താല്പര്യം കാട്ടിയിട്ടുള്ളത്. ഗ്രാമീണ ഉല്പന്നങ്ങളുടെ വിപണി കണ്ടെത്തുന്നതിൽ ദാരിദ്ര്യ ലഘൂകരണ പദ്ധതികളുടെ ഗുണഭോക്താക്കൾ നേരിടുന്ന വെല്ലുവിളികളിൽ വ്യവസ്ഥാനുസൃതമായി ഊന്നൽ നൽകുന്നതിന് എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. റോഡുകളുടെ ദീർഘകാല നിലനിൽപ്പിനും സ്വാഭാവിക റബ്ബറിന്റെ ആവശ്യം വർദ്ധിപ്പിക്കുന്നതിനും വേണ്ടി ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും 'പ്രധാനമന്ത്രിയുടെ ഗ്രാമീൺ സഡക് യോജന' പ്രകാരമുള്ള റോഡുകളുടെ നിർമ്മാണത്തിനും സ്വാഭാവിക റബ്ബർ ഉപയോഗിക്കാൻ എന്റെ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്—ഇത് സംസ്ഥാനത്തിന്റെ കാർഷിക സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുകതന്നെ ചെയ്യും. മൊത്തം 220 കോടി രൂപ മുതൽ മുടക്കിക്കൊണ്ട്, ജപ്പാൻ സഹായത്തോടെയുള്ള അട്ടപ്പാടി തരിശുഭൂമി സമഗ്ര പാരിസ്ഥിതിക സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ എന്റെ ഗവൺമെന്റ് ത്വരിതപ്പെടുത്തുകയുണ്ടായിട്ടുണ്ട്.

**23.** കൂട്ടായ യത്നത്തിലൂടെ വിവരസാങ്കേതിക വിദ്യാരംഗത്ത് എല്ലാവിധത്തിലുള്ള പുരോഗതിയും കൈവരിക്കാൻ എന്റെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടെന്ന് പ്രസ്താവിക്കുന്നതിന് എനിക്ക് സന്തോഷമുണ്ട്. മർമ്മ പ്രധാനമായ രണ്ട് വിവരസാങ്കേതിക വിദ്യാ പ്രോജക്റ്റുകൾ, അതായത്, കൊച്ചിയിലെ ഹൈടെക് പാർക്കും, സ്റ്റേറ്റ് വൈഡ് എഡ്യൂക്കേഷണൽ ഗ്രിഡും ഉടൻ തന്നെ കമ്മീഷൻ ചെയ്യേണ്ടതുണ്ട്. ഇതുവരെ സമാരംഭിച്ചതിൽ വളരെ ഉൽക്കർഷേച്ഛയുള്ളതും, സമൂഹത്തെ ആസ്പദമാക്കിയുള്ളതും സമാനതകളില്ലാത്തതുമായ വിവര സാങ്കേതിക വിദ്യാ സാക്ഷരതാ പ്രചരണയത്നമായ "അക്ഷയ" യുടെ ഉദ്ഘാടനം നടത്തിയിട്ടുള്ളതും അത് മികച്ച രീതിയിൽ പുരോഗതി പ്രാപിച്ചിട്ടുള്ളതും ആകുന്നു. വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായ സേവനങ്ങൾ അതിവേഗം വളരുന്ന വിവരസാങ്കേതിക വിദ്യാ വിഭാഗത്തെ പ്രതിനിധീകരിക്കുന്നുവെന്ന വസ്തുത അംഗീകരിച്ചുകൊണ്ട് എന്റെ ഗവൺമെന്റ് ബിരുദധാരികൾക്കും അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്കും വേണ്ടി ഒരു പ്രധാന പരിശീലന പരിപാടി സമാരംഭിക്കണമെന്ന് പ്രത്യാശിക്കുന്നു. സെക്രട്ടേറിയറ്റിലും പ്രധാന വകുപ്പുകളിലും വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനുള്ള പല പ്രധാന ഉദ്യമങ്ങളും വരുംവർഷം പൂർത്തിയാക്കുന്നതാണ്. രാജ്യത്തെ വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായ സർവ്വീസുകളിൽ കൊച്ചിയെ രണ്ടാമത്തെ പ്രധാന ആകർഷണ കേന്ദ്രമായി വിലയിരുത്തിയിരിക്കുന്നു. സംസ്ഥാനത്ത് നിക്ഷേപകരുടെ ആത്മവിശ്വാസം വർദ്ധിച്ചതിന്റെ തെളിവായി പ്രോത്സാഹജനകമായ സൂചനകളുണ്ട്. വൻകിട വിവരസാങ്കേതിക വിദ്യാകമ്പനികളിൽ ചിലത് ഉടൻതന്നെ ഇവിടെ പ്രവർത്തനമാരംഭിക്കുമെന്ന് ഞങ്ങൾക്ക് വളരെ ശുഭാപ്തിവിശ്വാസമുണ്ട്. ചുരുക്കത്തിൽ, കേരളം ഇപ്പോൾ ഒരു വിവരസാങ്കേതിക വിദ്യാ വിപ്ളവത്തിന്റെ പ്രവേശന കവാടത്തിലാണ്.

**24.** സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്ക് ഭാവിയിൽ വലിയ നേട്ടങ്ങളുണ്ടാക്കുമെന്ന സൂചന നൽകുന്ന മാർഗ്ഗങ്ങളിലൊന്നാണ് കേരളത്തിലെ വിനോദസഞ്ചാര മേഖലയെന്ന യാഥാർത്ഥ്യം പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. വരുമാനവും

തൊഴിലും സൃഷ്ടിക്കുന്നതിനുള്ള അതിന്റെ ആന്തരിക ശക്തിയിൽ നിന്നാണ് ഈ പ്രാധാന്യം മുഖ്യമായും പൊട്ടിമുളച്ചത്. അതുകൊണ്ട് വിനോദസഞ്ചാരത്തിൽ, എന്റെ ഗവൺമെന്റിന്റെ യത്നങ്ങൾ ഈ മേഖലയുടെ തന്ത്രപ്രധാനമായ മഹത്വം പൂർണ്ണമായും പ്രതിഫലിപ്പിക്കുന്ന വിധത്തിൽ രൂപകൽപന ചെയ്തിട്ടുണ്ട്. ന്യായമായും അതുകൊണ്ടുതന്നെ കൂടുതൽ അഭിലഷണീയവും തന്ത്രപ്രധാനവുമായ ലക്ഷ്യസ്ഥാനമെന്ന കേരളത്തിന്റെ വളരെ സ്പഷ്ടമായി പ്രഖ്യാപിക്കപ്പെട്ട പ്രമാണീകരണംകൊണ്ട് ഇപ്പോൾ പല പ്രശസ്തമായ ട്രാവൽ ആന്റ് ടൂറിസം ഗൈഡുകളിലും അന്താരാഷ്ട്ര പ്രശസ്തമായ മാഗസിനുകളിലും സ്ഥാനലബ്ധി കിട്ടിയിട്ടുണ്ട്. ഈ വർഷം പല അന്തർദേശീയവും ദേശീയവുമായ അവാർഡുകൾ നേടിക്കൊണ്ട് വിനോദസഞ്ചാര മേഖല കേരളത്തെ അഭിമാന പൂരിതമാക്കി. ഗവൺമെന്റ് തയ്യാറാക്കിയ 'ടൂറിസം വിഷൻ 2025' എന്ന രേഖയിൽ, പരിസ്ഥിതിക്ക് പ്രാധാന്യം നൽകുന്നതും നിലനിൽക്കുന്നതുമായ വിനോദസഞ്ചാര വികസനത്തിനുള്ള മഹത്തായ തന്ത്രം വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

**25.** വരുംവർഷവും ഈ മേഖല സംഭവബഹുലമായ ഒന്നായിരിക്കുമെന്ന് എന്റെ ഗവൺമെന്റ് പ്രതീക്ഷിക്കുന്നു. കോഴിക്കോട് സ്വപ്ന നഗരി പ്രോജക്റ്റ്, കൊച്ചിയിലെ വല്ലാർപ്പാടത്തുള്ള അന്താരാഷ്ട്ര നിലവാര ഗോൾഫ് കോഴ്സ്, തൃശ്ശൂർ, വയനാട്, ആലപ്പുഴ, പൊൻമുടി എന്നിവിടങ്ങൾക്കും, കായലുകൾക്കും വേണ്ടി സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ എന്നിവയാണ് വരും വർഷത്തെ പ്രധാന പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളവയിൽ ചിലത്. ഇവയെല്ലാം തന്നെ വേൾഡ് ട്രാവൽ ആന്റ് ടൂറിസം കൗൺസിൽ (ഡബ്ളിയു. റ്റി. റ്റി. സി.)-ഉം ഓക്സ്ഫോർഡ് ഇക്കണോമിക് ഫോർകാസ്റ്റിംഗ് (ഒ. ഇ. എഫ്.)-ഉം പ്രവചിച്ചതുപോലെ വരുന്ന ദശകത്തിലേക്കുള്ള ടൂറിസം സമ്പദ്ഘടനയുടെയും തൊഴിലിന്റെയും വിസ്മയകരമായ വളർച്ച സാക്ഷാത്ക്കരിക്കുന്നതിന് സഹായകമാകുന്നതാണ്.

**26.** സംസ്ഥാനത്തെ വ്യാവസായിക നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിൽ എന്റെ ഗവൺമെന്റിന് വൻപിച്ച പുരോഗതി കൈവരിക്കാൻ കഴിഞ്ഞുവെന്ന് പറയുന്നതിൽ എനിക്ക്

സന്തോഷമുണ്ട്. കഴിഞ്ഞയാഴ്ച കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സംഗമ (ജിം) ത്തിന്റെ വിജയകരമായ നടത്തിപ്പ് കേരളത്തെ ദേശീയ നിക്ഷേപ ഭൂപടത്തിൽ ഒരു പ്രമുഖ സ്ഥാനത്ത് പ്രതിഷ്ഠിച്ചിട്ടുണ്ട്. വിപുലമായ നിക്ഷേപത്തിലൂടെ തൊഴിലില്ലായ്മ പ്രശ്നത്തെ നേരിടുന്നതിനുള്ള എന്റെ ഗവൺമെന്റിന്റെ പ്രതിജ്ഞാബദ്ധതയാണ് ആഗോള നിക്ഷേപക സംഗമം കാണിക്കുന്നത്. ആഗോള നിക്ഷേപക സംഗമം (ജിം) ജ്വലിപ്പിച്ച ശുഷ്കാന്തിയും നിക്ഷേപാന്തരീക്ഷത്തിലുണ്ടായ മാറ്റവും സംസ്ഥാനത്ത് നിക്ഷേപ വർദ്ധനവിനുള്ള തുടക്കം കുറിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**27.** 2001-ലെ വ്യവസായ നയത്തിൻകീഴിൽ വ്യവസായത്തിന് സൗകര്യം നൽകുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ മുൻകൈ പ്രവർത്തനങ്ങളുടെ ഭാഗമെന്ന നിലയിൽ, എന്റെ ഗവൺമെന്റ് ഭാവി പ്രതീക്ഷയ്ക്കിടയുള്ള സംരംഭകർക്ക് പ്രയോജനപ്രദമായ ഒരു 'സ്വയം സാക്ഷ്യപ്പെടുത്തൽ' പദ്ധതിയും സംസ്ഥാനത്തെ എല്ലാ വ്യവസായങ്ങൾക്കും പൂർണ്ണവും സ്വതന്ത്രവുമായ ആകർഷക ഊർജ്ജ ഉല്പാദനം അനുവദിക്കുന്നതായും പ്രഖ്യാപിക്കുന്ന തായിരിക്കും. നിർമ്മാണത്തിലിരിക്കുന്ന രണ്ട് പാർക്കുകൾക്ക് പുറമെ പുതിയ രണ്ടെണ്ണം കൂടി സ്ഥാപിക്കുന്നതിന് നടപടികളാരംഭി ക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ദീർഘകാലമായി കാത്തിരുന്ന വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽ ഉടൻതന്നെ യാഥാർത്ഥ്യമാകുന്നതാണ്. കൊച്ചി വ്യാവസായിക മേഖല അതിന്റെ ഭൂമിശാസ്ത്രപരമായി തന്ത്രപ്രധാനമായ സൗകര്യത്തോടുകൂടി മുഴുവൻ ദക്ഷിണേഷ്യൻ പ്രദേശത്തിനുമുള്ള തുറമുഖവും വാണിജ്യ ഗതാഗത വ്യാപാര കേന്ദ്രവുമായി ഉടൻതന്നെ ആവിർഭവിക്കുന്നതാണ്. ഗവൺമെന്റ് ഭക്ഷ്യസംസ്ക്കരണ മേഖലയിലുള്ള അതിന്റെ സ്ഥാനം ശക്തിപ്പെടുത്തുന്നതിനും ഒരു ഭക്ഷ്യ സംസ്ക്കരണ ദൗത്യം കെട്ടിപ്പടുക്കുന്നതിനും ഭക്ഷ്യസംസ്ക്കരണ നയം ആവിഷ്ക്കരി ക്കുന്നതിന് ഉദ്ദേശിക്കുന്നു. വയനാട്ടിൽ ഒരു ഹെർബൽ പാർക്ക് വികസിപ്പിക്കുന്നതിനും ഉദ്ദേശമുണ്ട്.

**28.** അടിസ്ഥാന സൗകര്യ സൃഷ്ടിക്കായി കൂടുതൽ നിക്ഷേപ ങ്ങൾ ആകർഷിക്കുന്നതിന് എന്റെ ഗവൺമെന്റ് അതിന്റെ പ്രത്യേക സാമ്പത്തിക മേഖലാ നയം ഉടനെ പ്രഖ്യാപിക്കുന്നതാണ്.

തിരുവനന്തപുരത്തെ അപ്പാരൽ പാർക്കിനുവേണ്ടി ഏകദേശം 17 കോടി രൂപയ്ക്കുള്ള അധിക അടിസ്ഥാന സൗകര്യങ്ങൾക്കുള്ള സാഹചര്യങ്ങൾ ഭാരത സർക്കാർ തത്വത്തിൽ അംഗീകരിച്ചു നൽകിയതായി പ്രഖ്യാപിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ കീഴിലുള്ള 40 കോടിയുടെ ടെക്സ്റ്റയിൽ സെന്റർ എന്റെ ഗവൺമെന്റിന്റെ എടുത്തുപറയാവുന്ന നേട്ടമാണ്. പീഡിത പൊതുമേഖലാ യൂണിറ്റുകളെ ഘട്ടം ഘട്ടമായി പുനർനിർമ്മിക്കുന്നതിനും പുനർനവീകരിക്കുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

**29.** കേരളത്തിന്റെ വ്യാവസായിക ഘടനയുടെ നട്ടെല്ല് ചെറുകിട വ്യവസായമാണ്. ത്വരിതഗതിയിലുള്ള വ്യാവസായിക വളർച്ചയ്ക്കുള്ള ഫലപ്രദമായ ഒരു പ്രേരക ശക്തിയായി മാറ്റുന്നതിന് ഇൻഡസ്ട്രിയൽ ആന്റ് കമേഴ്സ്യൽ ഡയറക്ടറേറ്റിനെ പുനഃക്രമീകരിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

**30.** പാരമ്പര്യ മേഖലയെയും കൂടി പുനരുജ്ജീവിപ്പിക്കുകയും നിലനിർത്തുകയും ചെയ്തില്ലെങ്കിൽ കേരളത്തിലെ വ്യാവസായിക വളർച്ചയേയും മുതൽമുടക്കിനേയും പ്രോൽസാഹിപ്പിക്കുന്നതിനുള്ള പ്രയത്നങ്ങൾ അസന്തുലിതവും നീതിരഹിതവുമായിരിക്കുമെന്ന് എന്റെ ഗവൺമെന്റ് മനസ്സിലാക്കുന്നു. എം. ജി. പി.യുടെ കീഴിൽ തദ്ദേശ സാമ്പത്തിക വികസനത്തിനായുള്ള മുൻകൈ പ്രവർത്തനങ്ങളുടെ ഭാഗമായി പാരമ്പര്യവ്യവസായങ്ങൾക്കുവേണ്ടി സമഗ്രമായ ഒരു പുനരുജ്ജീവന പദ്ധതി ആവിഷ്കരിക്കുന്നതാണ്. പദ്ധതിയിൽ കയർ, കൈത്തറി, കശുവണ്ടി, മത്സ്യബന്ധനം, കരകൗശലം, ഖാദിഗ്രാമവ്യവസായങ്ങൾ എന്നീ മേഖലകൾ ഉൾപ്പെട്ടുവരുന്നതാണ്. സാങ്കേതിക വിദ്യയുടെ ഉദ്ഗ്രഥനവും പ്രചോദനം നൽകലും ചെലവ് കുറയ്ക്കാനുള്ള സാങ്കേതിക വിദ്യയുടെ പ്രയോഗം, അഭിവൃദ്ധിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള പദ്ധതികളോട് സംയോജിപ്പിച്ച്, ഈ മേഖലയിലെ തൊഴിലാളികൾക്കുവേണ്ടി നന്നായി രൂപകല്പനചെയ്ത ഒരു സഹായ സംവിധാനവും ഇതിൽപ്പെടുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഗവൺമെന്റ് ദേശീയവും വൈദേശികവുമായ ഏജൻസികളിൽനിന്നും വിഭവസമാഹരണം നടത്താനുദ്ദേശിക്കുന്നു.

**31.** പരമ്പരാഗത കയർ വ്യവസായത്തിൽ ഉൾപ്പെട്ടിട്ടുള്ള വളരെ കൂടുതൽ കയർ തൊഴിലാളികളെയും അതിന്റെ കയറ്റുമതി സാദ്ധ്യതയും പരിഗണിച്ച് കയർ മേഖലയുടെ വികസനത്തിന് എന്റെ ഗവൺമെന്റ് മുന്തിയ പ്രാധാന്യം നൽകുന്നു. ഈ വർഷം കയറ്റുമതിയുടെ അളവ് വർദ്ധിക്കുകയും ഈ മേഖലയിലെ തൊഴിൽ പ്രതീക്ഷ ആനുപാതികമായി വർദ്ധിക്കുകയും ചെയ്തു. പർച്ചേസ് പ്രൈസ് എൻഫോഴ്സ്മെന്റ് (പി. പി. ഇ.) പദ്ധതി പിൻവലിച്ചത് കയർ മേഖലയിൽ അസ്വസ്ഥതയ്ക്ക് കാരണമായി. ഗവൺമെന്റ് ഈ മേഖലയിലെ അസ്വസ്ഥതയ്ക്ക് സത്വരവും സൗഹൃദപരവുമായ ഒരു തീരുമാനത്തിനായി ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. സഹകരണ പദ്ധതികൾക്കു പുറമേ, കയർ ബോർഡിന്റെ സഹായത്തോടെ വനിതാ കയർ തൊഴിലാളികൾക്കായി സ്വയം സഹായ സംഘങ്ങൾ മുഖേന ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കും. ഗവൺമെന്റ് കയർ വ്യവസായത്തിന് ശക്തമായ റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് (ആർ. ആന്റ് ഡി.) പ്രയത്നങ്ങൾ ആവശ്യമാണെന്ന് മനസ്സിലാക്കുകയും കയറിനുവേണ്ടി സംസ്ഥാനത്ത് ഒരു ഗവേഷണ സ്ഥാപനം തുടങ്ങാനുദ്ദേശിക്കുകയും ചെയ്യുന്നു. ഈ മേഖലയിലെ തൊഴിലാളികളുടെ താത്പര്യങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സംഭാവന ചെയ്യാൻ സഹകരണസംഘങ്ങളെ സഹായിക്കുന്നതിന് അവയുടെ യഥാർത്ഥമായ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതാണ്.

**32.** കേരളത്തിന്റെ കാർഷിക മേഖല ഗുരുതരമായ ഒരു പ്രതിസന്ധിയെ അതിജീവിച്ചുകൊണ്ടിരിക്കുന്നു. അടുത്ത കാലത്തായി പ്രധാനപ്പെട്ട കാർഷിക ചരക്കുകളുടെ വിലകൾ പൂർവ്വസ്ഥിതിയിലേക്ക് തിരിച്ചുവരുന്നതിന്റെ സൂചനകൾ കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. എന്റെ ഗവൺമെന്റിന്റെ പ്രത്യേക പാക്കേജ് ഈ തിരിച്ചുവരവിന് സഹായിച്ചിട്ടുണ്ട്. ഒരു കമ്പോള ഇടപെടൽ പദ്ധതിക്കുവേണ്ടി നമ്മുടെ ഗവൺമെന്റ് ഭാരത സർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. നിലനില്പുള്ള കാർഷിക വികസനത്തിനും കൃഷി വകുപ്പിലെ നിലവിലുള്ള അടിസ്ഥാന സൗകര്യം നവീകരിക്കാനും എന്റെ ഗവൺമെന്റിന്റെ നൂതന ഉദ്യമങ്ങൾ ലക്ഷ്യമിടുന്നു. നമ്മുടെ ഏറ്റവും നല്ല പ്രയോജനത്തിനായി പുതിയ ഭരണക്രമം നൽകുന്ന അവസരങ്ങൾ ഉപയോഗിക്കുമ്പോഴും

ലോക വ്യാപാര സംഘടനയുടെ (ഡബ്ലിയു. ടി. ഒ.) ഭരണക്രമത്തിന്റെ ശക്തിയായ പ്രതികൂല സ്വാധീനത്തിന്റെ തീവ്രത കുറയ്ക്കുന്നുവെന്ന് ഉറപ്പുവരുത്താനായിരിക്കും കാർഷിക മേഖലയിലുള്ള നമ്മുടെ സമീപനം.

**33.** ഭാരത സർക്കാരിന്റെ ബഹുതല പദ്ധതി (മാക്രോ മാനേജ്മെന്റ് സ്കീം) എന്റെ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പ്രധാന മുൻതൂക്കം കൊടുക്കേണ്ട പ്രവർത്തന മണ്ഡലങ്ങളിൽ നെൽകൃഷിക്കുവേണ്ടിയുള്ള കൂട്ടുകൃഷി ഉദ്യമങ്ങളും രോഗം ബാധിച്ച പഴയ തെങ്ങുകളുടെ പുനരുജ്ജീവനവും നീക്കം ചെയ്യലും ഉൾപ്പെടുന്നു. പ്രത്യേക പരാമർശമർഹിക്കുന്ന വൻകിട പദ്ധതികളിൽ തുറവൂർ, പാലക്കാട്, വൈക്കം പ്രദേശങ്ങളിലെ 10,000 ഹെക്ടർ പ്രദേശങ്ങളിൽ അടിസ്ഥാനസൗകര്യ വികസനം, മൂന്ന് ജില്ലകളിലെയും ഓണാട്ടുകര ഭാഗത്തെയും 80,000 ഹെക്ടർ വരുന്ന പ്രദേശങ്ങൾക്ക് ഗുണം ലഭിക്കുന്ന നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ, ഓണാട്ടുകര പ്രദേശത്തിനുള്ള രണ്ടാം ഘട്ട പരിപാടി, തൃശ്ശൂരിലെ കോൾ പ്രദേശങ്ങൾക്ക് വേണ്ടിയുള്ള 'ഹൈലാന്റ് ഫ്ളഡ്സ് ഫ്ളോ കനാൽ സ്കീം' എന്നിവ ഉൾപ്പെടുന്നു. കേരള ഉദ്യാനകൃഷി വികസന പദ്ധതിയിൻകീഴിൽ ഉപയോഗിച്ച് വിജയകരമായ മാതൃക മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതും കൊല്ലത്തെയും ആലപ്പുഴയിലെയും പണികൾ ലക്ഷ്യത്തിലേക്ക് എത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. വനിതകൾക്കായുള്ള പരിപാടികൾക്ക് ഊന്നൽ കൊടുക്കുന്നതിന്റെ ഭാഗമായി ഉത്കർഷേച്ഛയുള്ള പുഷ്പകൃഷി പരിപാടി പാലക്കാട് ജില്ലയിലും ആലപ്പുഴ ജില്ലയിലും പുരോഗമന പാതയിലാണ്. കൃഷിയിൽ ആലപ്പുഴയ്ക്കുള്ള സ്ഥാനം പുനഃസ്ഥാപിക്കുന്നതിനും നിലനിർത്തുന്നതിനും എന്റെ ഗവൺമെന്റ് ജില്ലയിലെ തരിശുഭൂമി ഉപയോഗിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് വനിതകൾക്കുവേണ്ടി കൃഷിയിൽ ഒരു പ്രത്യേക പദ്ധതിയും യുവജനങ്ങൾക്കുവേണ്ടി ഒരു പരിപാടിയും നടപ്പാക്കുന്നതായിരിക്കും.

**34.** ലോകവ്യാപാര സംഘടന (ഡബ്ല്യു. റ്റി. ഒ.) യുടെ കൃഷി വിഷയങ്ങളിൽ ഡോ. എം. എസ്. സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ടും വിവരസാങ്കേതിക വിദ്യയിലും ജൈവസാങ്കേതിക വിദ്യയിലും ഉള്ള ഡോ. വി. എൽ. ചോപ്രാ കമ്മിറ്റി റിപ്പോർട്ടും

ഈ മേഖലയിലെ നമ്മുടെ തന്ത്രപ്രധാനമായ യത്നങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ സഹായിക്കും. ലോകവ്യാപാര സംഘടന അടിസ്ഥാനമാക്കിയുള്ള മാറിയ സാഹചര്യത്തിൽ കൃഷിയിലെ പുതിയ വെല്ലുവിളികൾ നേരിടുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കൂടുതൽ മെച്ചപ്പെട്ട വിവരം പ്രാപ്യമാക്കുന്നതിന് കാർഷിക വ്യാപാരത്തിനു വേണ്ടി ഒരു 'വെർച്വൽ യൂണിവേഴ്സിറ്റി' സ്ഥാപിക്കുന്നതിന് എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഇ. ഇ. സി. യുടെ സഹായത്താൽ ആറ് മൊത്തവ്യാപാരമാർക്കറ്റുകൾ പ്രവർത്തനവൽക്കരിക്കുന്നതാണ്. ജൈവസാങ്കേതിക വിദ്യാമേഖലയിൽ വൻതോതിലുള്ള ഇടപെടലുകൾ നടത്തുന്നതിന് എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. പഴങ്ങൾക്കും പച്ചക്കറികൾക്കും വേണ്ടി ഒരു കാർഷിക ഉല്പന്ന കയറ്റുമതി മേഖല (അഗ്രി-എക്സ്പോർട്ട് സോൺ) സൃഷ്ടിക്കുന്നതിനുള്ള ഗവൺമെന്റിന്റെ നിർദ്ദേശം ഭാരത സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സുഗന്ധദ്രവ്യങ്ങൾക്കും, പുഷ്പങ്ങൾക്കുമായി ഇത്തരത്തിലുള്ള രണ്ടു നിർദ്ദേശങ്ങൾ കൂടി സമർപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

35. ഗവൺമെന്റിൻ കീഴിലുള്ള മൃഗസംരക്ഷണ വകുപ്പ് മൃഗങ്ങളുടെ ആരോഗ്യ പരിരക്ഷണം, രോഗപ്രതിരോധം, രോഗനിയന്ത്രണം, വിപുലീകരണ സേവനങ്ങൾ എന്നിവയിൽ സംസ്ഥാനത്ത് മുന്തിയ നേതൃത്വം നൽകിവരുന്നു. 'ഒരു കപ്പ് പാലും ഹസ്തദാനവും' എന്നത് കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അനേകം ജനകീയ പദ്ധതികളിൽ ഒന്നു മാത്രമാണ്. കെ. എൽ. ഡി. ബി. യുടെ സഹായത്തോടുകൂടി ക്ഷീരവികസന വകുപ്പ് സംസ്ഥാനത്ത് 1500 ഹെക്ടർ സ്ഥലത്ത് ആണ്ടോടാണ്ട് നിൽക്കുന്ന തീറ്റപ്പുല്ല് കൃഷിയും 1000 ഹെക്ടർ സ്ഥലത്ത് കാലിക തീറ്റപ്പുല്ല് കൃഷിയും ഏറ്റെടുത്തിട്ടുണ്ട്. കന്നുകാലി സമ്പത്തിൽ കൂടുതൽ പങ്കാളിത്തം പ്രോൽസാഹിപ്പിക്കുന്നതിനും കൂടുതൽ തൊഴിലും വരുമാനവും സൃഷ്ടിക്കുന്നതിനും വേണ്ടി എല്ലാ ഐ. സി. ഡി. പി. സബ് സെന്ററുകളും കന്നുകാലി പ്രജനന സേവന കേന്ദ്രങ്ങളായി മാറ്റുന്നതിന് ഉൽക്കർഷേച്ഛയുള്ള ഒരു പദ്ധതി എന്റെ സർക്കാരിനുണ്ട്.

**36.** മൽസ്യമേഖലയുടെ പ്രവർത്തനം ഭാവിയിൽ ഏതു ദിശയിലായിരിക്കണമെന്നതിന് ഒരു സമഗ്ര മൽസ്യ വികസന വിഭവ സംരക്ഷണ നയം കൊണ്ടുവരുന്നതിന് എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. നബാർഡ്, എൻ.സി.ഡി.സി., ഹഡ്കോ എന്നിവയ്ക്കു പുറമേ ഭാരത സർക്കാരിന്റെ ഫണ്ടുകളും ഉപയോഗിച്ച് മൽസ്യ മേഖലയിൽ വികസന സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, ഏകോപിപ്പിക്കുന്നതിനും, നിലനിർത്തുന്നതിനും വേണ്ടി 'മൽസ്യ വ്യൂഹം' എന്ന പേരിൽ ഒരു സമയബന്ധിത പദ്ധതി നടപ്പിലാക്കുന്നതാണ്. മൽസ്യ ഫെഡ് അതിന്റെ പ്രവർത്തനങ്ങൾ പ്രൈമറി സൊസൈറ്റി തലത്തിലും വില്ലേജ് തലത്തിലും വർദ്ധിപ്പിക്കും. മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്ക് അടിസ്ഥാന സുഖസൗകര്യങ്ങളും സംയോജിത അടിസ്ഥാന സൗകര്യങ്ങളും നൽകുന്നതിനായി 503 കോടി രൂപയുടെ 'സോഷ്യൽ ഇൻഫ്രാസ്ട്രക്ചർ പ്രോജക്റ്റ്' ഗവൺമെന്റ്, ഭാരത സർക്കാരിനും, ആസൂത്രണ കമ്മീഷനും സമർപ്പിച്ചിട്ടുണ്ട്. വിപുലമായ തോതിൽ അലങ്കാര മൽസ്യ കൃഷിയുടെ പ്രോൽസാഹനം 'സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി', ഫിർമ ഏറ്റെടുക്കും. അക്വാകൾച്ചറിൽ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനായി കൊച്ചിയിൽ ഒരു അക്വാപാർക്ക് സ്ഥാപിക്കുന്നതിനായി ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ശീതജല മൽസ്യ കൃഷി, കണ്ടൽ വനങ്ങൾ വച്ചുപിടിപ്പിക്കൽ, അലങ്കാര മൽസ്യ കൃഷി എന്നീ മേഖലകളിൽ, ദേശീയവും അന്തർ ദേശീയവുമായ ഏജൻസികളുമായി സാങ്കേതിക പങ്കാളിത്തത്തിൽ ഏർപ്പെടുന്നതിന് 'ഫിർമ' കേന്ദ്ര സർക്കാർ മുൻപാകെ നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്.

**37.** എല്ലാ മൽസ്യബന്ധന തുറമുഖങ്ങളും മൽസ്യം കരയ്ക്കിറക്കാനുള്ള കേന്ദ്രങ്ങളും അന്താരാഷ്ട്ര നിലവാരം കൈവരിക്കുന്നതിനായി നിലവാരം ഉയർത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനും എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. കുട്ടനാട്ടിലെ നെൽപ്പാടങ്ങളിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന 'ഒരു നെല്ലും ഒരു മീനും' എന്ന പൈലറ്റ് പ്രോജക്റ്റ്, കുട്ടനാട്ടിലെയും തൃശ്ശൂരിലെയും മുഴുവൻ കോൾ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കും. അടുത്ത വർഷം, മുനമ്പം ഫിഷറീസ് ഹാർബർ അതോറിറ്റി, അഷ്ടമുടി ലേക്ക് അതോറിറ്റി എന്നീ രണ്ട് അതോറിറ്റികൾക്ക് രൂപം നൽകുന്നതിന്

ഗവൺമെന്റ് ഉദ്ദേശിക്കുന്നു. തോട്ടപ്പള്ളി, കൊയിലാണ്ടി, തലായി എന്നിവിടങ്ങളിൽ മൂന്നു പുതിയ ഫിഷറീസ് ഹാർബർ പ്രോജക്റ്റുകൾ തുടങ്ങുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും എത്രയുംവേഗം അനുമതി ലഭിക്കുമെന്ന് ഗവൺമെന്റ് പ്രത്യാശിക്കുന്നു. വർക്കലയിലെ ഓടയത്ത് ഒരു പുതിയ ഹാച്ചറി തുടങ്ങും. സാമ്പത്തിക സമ്മർദ്ദങ്ങൾ ഉണ്ടെങ്കിലും കേരളത്തിലെ മീൻപിടുത്തക്കാർക്ക് പെൻഷനുകളും മറ്റ് ക്ഷേമ സഹായങ്ങളും ആയി ഫണ്ടുകളുടെ ഗണ്യമായ ഭാഗം വിതരണം ചെയ്യുന്നതിന് ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

**38.** കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി കാര്യക്ഷമവും ഫലപ്രദവുമായ ഒരു സഹകരണ മേഖല രൂപപ്പെടുത്തുന്നതിൽ എന്റെ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാർഷിക വായ്പകൾക്കുള്ള പലിശ നിരക്ക് 3 ശതമാനം കുറച്ചിട്ടുണ്ട്. "വൺടൈം സെറ്റിൽമെന്റ് " പദ്ധതി പ്രകാരം സഹകരണ മേഖലയിലുള്ള 1.7 ലക്ഷം അംഗങ്ങൾക്ക് നേരിട്ടും സത്വരവുമായ ആശ്വാസം ലഭിച്ചിട്ടുണ്ട്. ഇപ്പോഴത്തെ സംവിധാനത്തിനുള്ളിൽ നിന്നുകൊണ്ടു തന്നെ നിയമനിർമ്മാണ നടപടികളിലൂടെ സ്വാശ്രയ സ്ഥാപനങ്ങൾക്കുള്ള കൂടുതൽ സാദ്ധ്യതകൾ സുഗമമാക്കുന്നതിനുതകുംവിധം സഹകരണ മേഖലയുടെ ചക്രവാളം വികസിപ്പിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

**39.** വനിതാ സഹകരണ സ്ഥാപനങ്ങളുടെ ഒരു അപ്പെക്സ് ഫെഡറേഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സഹകരണ മേഖലയിലെ സാമ്പത്തികേതര തർക്കങ്ങൾ പരിഹരിക്കുന്നതിനായി ആദ്യത്തെ ആർബിട്രേഷൻ കോടതി തിരുവനന്തപുരത്ത് ആരംഭിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. നിരന്തരമായ പരിശ്രമത്തിലൂടെ പരിയാരം മെഡിക്കൽ കോളേജിന് സ്ഥിരമായ അംഗീകാരം നേടിയെടുക്കുവാൻ ഗവൺമെന്റിന് കഴിഞ്ഞുവെന്ന് പ്രഖ്യാപിക്കുന്നതിന് എനിക്ക് അതിയായ സന്തോഷമുണ്ട്. നാം ഇപ്പോൾ പരിയാരം മെഡിക്കൽ കോളേജിൽ ഒരു ദന്തൽ കോളേജ്, നഴ്സിംഗ് കോളേജ്, നഴ്സിംഗ് സ്ക്കൂൾ, ഫാർമസി ട്രെയിനിംഗ്, പാരാ മെഡിക്കൽ കോഴ്സുകൾ എന്നിവ ആരംഭിക്കുവാനുള്ള

നടപടികളിലാണ്. ഒരു സഹകരണ കൺസോർഷ്യത്തിലൂടെ സമാഹരിക്കുന്ന ഫണ്ട് ഉപയോഗിച്ച്, കൊച്ചി മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് എന്റെ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിൽ നിന്നും അംഗീകാരം ലഭിക്കുമെന്ന പൂർണ്ണ വിശ്വാസവും ഉണ്ട്. കാർഷിക മേഖല അതിന്റെ പ്രതിസന്ധികളിൽ നിന്ന് മോചനം നേടുന്നതിനായി കഠിനപരിശ്രമം നടത്തുന്ന സമയത്ത് കാർഷിക കടാശ്വാസ പദ്ധതി, നമ്മുടെ സഹകരണ സംഘങ്ങളിലെ അംഗങ്ങളായ 3.6 ലക്ഷത്തോളം അംഗങ്ങൾക്ക് പ്രയോജനപ്പെട്ടിട്ടുണ്ട് എന്നത് പ്രത്യേകം ശ്രദ്ധാർഹമാണ്.

**40.** കഴിഞ്ഞ ഗവൺമെന്റ്, സഹകരണ സംഘങ്ങളിൽ നിന്നും കടമെടുത്ത ഭീമമായ സംഖ്യകൾ തിരിച്ചടയ്ക്കാതിരുന്നതിന്റെ ഫലമായി സഹകരണ ബാങ്കുകൾക്കുള്ള നബാർഡിന്റെ സഹായം നിർത്തിവച്ചതിനെത്തുടർന്ന് കഴിഞ്ഞ കുറെ വർഷങ്ങളായി ഈ മേഖല ഗണ്യമായ സാമ്പത്തിക ക്ലേശത്തിലൂടെ കടന്നുപോയിട്ടുണ്ട്. സഹകരണ ബാങ്കുകൾക്കുള്ള തിരിച്ചടവുകളുടെ ഒരു പട്ടിക ഉണ്ടാക്കുന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടെന്നും അതിന്റെ ഫലമായി സഹകരണമേഖലയ്ക്കുള്ള സഹായം തുടർന്നും നൽകുന്നതിന് നബാർഡ് സമ്മതിച്ചിട്ടുണ്ടെന്നും പ്രഖ്യാപിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

**41.** കേരളത്തിലെ വനങ്ങളുടെ സമൃദ്ധമായ ജൈവ വൈവിധ്യവും, സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സന്തുലനത്തിനും അതോടൊപ്പം സാമ്പത്തിക നിലനിൽപ്പിനും വനങ്ങൾ വഹിക്കുന്ന പങ്കും ഊന്നി പറയേണ്ട ആവശ്യമില്ല. വനവും വന്യജീവി മാനേജ്മെന്റും സംബന്ധിച്ച് എന്റെ ഗവൺമെന്റിന്റെ സമീപനം ഈ തിരിച്ചറിവിൽ നിന്നും ഉണ്ടായിട്ടുള്ളതാണ്. നാഴികക്കല്ലുകളായ നിരവധി നേട്ടങ്ങൾ കൊണ്ട് ഈ വർഷം ശ്രദ്ധേയമാണ്. പ്രത്യേകിച്ചും, ഹരിതോൽസവം പദ്ധതിയിൻ കീഴിൽ 15 ലക്ഷം വൃക്ഷത്തൈകൾ നടീൽ, 'വൃശ്ചികം ഒന്നിന് വൃക്ഷം ഒന്ന്' എന്ന പരിപാടികൾ, തിരുവനന്തപുരത്ത് ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ രൂപീകരണം, കോന്നിയിലും നിലമ്പൂരിലും രണ്ട് ദ്രുത കർമ്മ സേനകളുടെ രൂപീകരണം, ആവശ്യമുള്ള അടിസ്ഥാന സൗകര്യത്തോടുകൂടി അഞ്ചു സ്ഥലങ്ങളിൽ കേന്ദ്ര നഴ്സറികൾ സ്ഥാപിക്കൽ എന്നിവ അവയിൽ പേരെടുത്തു പറയാവുന്ന ചിലതാണ്.

**42.** വിനോദ സഞ്ചാരികൾ ധാരാളമായി സന്ദർശിക്കുന്ന സ്ഥലങ്ങളിൽ പ്രാദേശിക പങ്കാളിത്തത്തോടുകൂടിയുള്ള ഇക്കോ ടൂറിസം പരിപാടികൾക്ക് പ്രത്യേക താല്പര്യം നൽകുന്നതാണ്. സംരക്ഷിത മേഖലകൾക്ക് പുറത്തും വന്യജീവി സംരക്ഷണത്തിനായുള്ള പ്രയത്നങ്ങൾ ശക്തിപ്പെടുത്തുന്നതാണ്. കയ്യേറ്റം തടയുന്നതിന് കൂടുതൽ മെച്ചപ്പെട്ട അതിരുകൾ തിരിക്കുന്നതും, കഞ്ചാവ് കൃഷി തടയുന്നതിന് നിരന്തരമായി റെയിഡുകൾ നടത്തുന്നതും, വനംവകുപ്പിന്റെ വരുംവർഷത്തെ പരിപാടികളുടെ ഭാഗമാണ്.

**43.** ഊർജ്ജ വിതരണമാണ് ഏതൊരു സംസ്ഥാനത്തും സാമ്പത്തിക പുരോഗതിയുടെ ചക്രങ്ങൾ തിരിക്കുന്ന ശക്തികേന്ദ്രമെന്ന് എന്റെ ഗവൺമെന്റ് തിരിച്ചറിയുന്നു. കാലവർഷത്തിന്റെ ഏറ്റക്കുറച്ചിലുകൾമൂലം സംസ്ഥാനത്തെ ജലസംഭരണികളിൽ കഠിനമായ ജലദൗർലഭ്യം അനുഭവപ്പെടുകയുണ്ടായി. ആയതിനാൽ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടും കെ. എസ്. ഇ. ബി. യുടെ സാമ്പത്തികനില ഗണ്യമായി മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞില്ല. എന്നാൽ അത്, സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ന്യായമായ നിരക്കിൽ വൈദ്യുതി വിതരണം ചെയ്യുക എന്ന വെല്ലുവിളിയെ അഭിമുഖീകരിക്കാനുള്ള ഗവൺമെന്റിന്റെ തീരുമാനത്തെ തെല്ലും ദുർബലപ്പെടുത്തുകയില്ല.

**44.** തിരുവനന്തപുരത്തെ രണ്ടാമത്തെ 400 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാക്കുകയും, വടക്കൻ കേരളത്തിൽ മൂന്നാമത്തെ 400 കെ. വി. സബ്സ്റ്റേഷൻ അടുത്ത വർഷം ആരംഭിക്കുകയും ചെയ്യും. ഭാരത സർക്കാരിന്റെ ആക്സിലറേറ്റഡ് പവർ ഡവലപ്പ്മെന്റ് ആന്റ് റിഫോംസ് പ്രോഗ്രാം (എ. പി. ഡി. ആർ. പി.) പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. പത്തനംതിട്ട, മഞ്ചേരി, കാസർകോഡ് സർക്കിളുകളും ഏഴ് പട്ടണങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. വൈദ്യുതി ബോർഡിന്റേയും ഉപഭോക്താക്കളുടെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഗവൺമെന്റ് സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ സംവിധാനം ചെയ്തിട്ടുണ്ട്.

**45.** സമൃദ്ധമായ ജലവിഭവങ്ങളാൽ അനുഗൃഹീതമായ ഈ സംസ്ഥാനത്ത്, അവയെ പ്രയോജനപ്പെടുത്തുന്നതിന് എന്റെ ഗവൺമെന്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. 162 മെഗാവാട്ട് ശേഷിയുള്ള 62 ചെറുകിട ജലപദ്ധതികൾ സ്വകാര്യ സംരംഭകരിലൂടെ വികസിപ്പിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു. 2003-2004 വർഷത്തിൽ ഉറുമി 1-ഉം, 2-ഉം, ചെമ്പുകടവ് 1-ഉം, 2-ഉം, മലങ്കരയും, വടക്കപ്പുഴ ഡൈവേർഷനും പ്രോജക്റ്റുകൾ—ആകെ 23.15 മെഗാവാട്ട് ശേഷി വരുന്നവ—കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് ഗവൺമെന്റ് പ്രത്യാശിക്കുന്നു. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ, നേര്യമംഗലം എക്സ്റ്റൻഷൻ, പള്ളിവാസൽ എക്സ്റ്റൻഷൻ, ലോവർ മീന്മുട്ടി എന്നീ പദ്ധതികളും കൂടി ഏറ്റെടുക്കുന്നതാണ്. കാര്യക്ഷമത കൂട്ടുന്നതിനും ചെലവ് ചുരുക്കുന്നതിനുമുള്ള നടപടികളിലൂടെ ബോർഡിന്റെ പ്രവർത്തനം ശ്ലാഘനീയമായ രീതിയിൽ മെച്ചപ്പെടുത്തുവാൻ ഗവൺമെന്റിന് കഴിഞ്ഞു. ബോർഡിന്റെ റവന്യൂ വരുമാന കമ്മി 500 കോടി രൂപ വരെ താഴേക്ക് കൊണ്ടുവന്നിട്ടുണ്ട്. കഴിഞ്ഞ 20 മാസങ്ങളിൽ ഏകദേശം 6 ലക്ഷം പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുകയും 5 ലക്ഷം കേടായ മീറ്ററുകൾ മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ മേഖലയിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ പങ്ക് ശക്തിപ്പെടുത്തുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമായിരിക്കുന്നതും, ഈ ഉദ്ദേശത്തിലേക്കായി താഴെത്തട്ടിലുള്ള വൈദ്യുതി പ്രശ്നങ്ങൾ നിരീക്ഷിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ ഉപദേശക സമിതികൾ രൂപീകരിച്ചിട്ടുള്ളതുമാണ്.

**46.** സംസ്ഥാനത്ത് മെച്ചമായ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, സാമ്പത്തിക പുരോഗതിക്ക് ഉള്ള ഒരു മുൻ ഉപാധിയാണ്. പൊതുമരാമത്ത് വകുപ്പ് ഇക്കാര്യത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രമുഖ പദ്ധതികളിലൊന്നാണ് ലോകബാങ്കിന്റെ സഹായത്തോടെയുള്ള കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ്. റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനായി നബാർഡിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളുടെ തോത് ഉയർത്തുന്നതിന് എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ശബരിമലയിലേക്ക് നിലവിലുള്ള തലങ്ങും വിലങ്ങും കിടക്കുന്ന റോഡുകളുടെ മെച്ചപ്പെടുത്തലിന് മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് നിരവധി പ്രധാന റോഡുകളും മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

**47.** ബിറ്റുമിനസ് മക്കാഡവും അസ്ഫാൾട്ടിക് കോൺക്രീറ്റും ഉപയോഗിച്ച് ദേശീയപാതകളെ ബലപ്പെടുത്തുന്നതിനുള്ള ഒരു സമഗ്ര പദ്ധതി കൂടി നടന്നുകൊണ്ടിരിക്കുന്നതും, പല വൻ സംരംഭങ്ങളും ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. വരുന്ന വർഷം ഏറ്റെടുക്കുന്നതിനുദ്ദേശിക്കുന്ന വൻ സംരംഭങ്ങളിൽ, കോഴിക്കോട്, ആലപ്പുഴ, കൊല്ലം ബൈപ്പാസുകളും, തലശ്ശേരി-മാഹി ബൈപ്പാസും, പടനക്കാടും പള്ളിക്കരയുമുള്ള റയിൽവേ മേൽപ്പാലങ്ങളും ഉൾപ്പെടുന്നു. പൊതുമരാമത്ത് വകുപ്പ് ഇതിനോടകം 23 വൻ സംരംഭങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതും ഈ വർഷം അവസാനിക്കുന്നതിനു മുൻപ് 10 എണ്ണം കൂടി പൂർത്തീകരിക്കേണ്ടതായിട്ടും ഉണ്ട്. ബിൽഡ് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ (ബി. ഒ. റ്റി.) അഥവാ അന്യൂറ്റി അടിസ്ഥാനത്തിൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനായി പല പ്രധാന റോഡ് ശൃംഖലകളെയും സംബന്ധിച്ച് നിരവധി പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേനയുള്ള 38 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം നല്ല പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുന്നു. സ്വകാര്യ പങ്കാളിത്തത്തോടുകൂടി "നോർത്ത് സൗത്ത് ഹൈസ്പീഡ് ആക്സസ് കൺട്രോൾഡ് മോട്ടോർവേ" നിർമ്മിക്കുന്നതിന് എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. നമ്മുടെ തലസ്ഥാന നഗരത്തിന് ഏറെ പ്രാധാന്യമുള്ള തിരുവനന്തപുരം-നെയ്യാറ്റിൻകര കംപയിൻഡ് ബൈപ്പാസ് 2003 മെയ് മാസത്തിൽ പൂർത്തീകരിക്കുന്നതാണ്.

**48.** സ്വകാര്യ പങ്കാളിത്തത്തോടുകൂടി അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 6 പി. ഡബ്ല്യു. ഡി. റെസ്റ്റ് ഹൗസുകൾ, ആർ. ഒ. എം. റ്റി. അടിസ്ഥാനത്തിൽ പരിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. അടുത്ത വർഷം ഹൈക്കോർട്ട് കോംപ്ലക്സ്, കോഴിക്കോട് മെഡിക്കൽകോളേജിന്റെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, ചാലക്കുടിയിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ എന്നിവപോലെയുള്ള പ്രധാന കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

**49.** ആദ്യ തലമുറയിലെ പ്രധാന ജലസേചന പദ്ധതികളുടെ നിലവിലുള്ള കനാൽ സംവിധാനങ്ങൾ വേണ്ട മാറ്റങ്ങൾ വരുത്തി നവീകരിക്കുന്നതിനും പരിപാലിക്കുന്നതിനുമായിരിക്കും ജലസേചന

മേഖലയിൽ ഊന്നൽ നൽകുന്നത്. തെരഞ്ഞെടുത്ത കുറെ ജലസേചന പദ്ധതികൾ പൂർത്തിയാക്കണമെന്നും മറ്റുള്ള പഴയ പദ്ധതികൾ സൗകര്യപ്രദമായ ഘട്ടങ്ങളിൽ നിർത്തലാക്കണമെന്നും ഗവൺമെന്റ് പ്രത്യാശിക്കുന്നു. നാഷണൽ ഹൈഡ്രോളജി പ്രോജക്റ്റിന്റെ പ്രഥമ ഘട്ടം പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രോജക്റ്റിന്റെ രണ്ടാം ഘട്ടം ഈ വർഷം ഏറ്റെടുക്കുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുന്നു. പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ ദേശീയ തടാക സംരക്ഷണ പദ്ധതിയിൻകീഴിൽ പരിഗണിക്കുന്നതിനായി വേമ്പനാട് കായലിനേയും ശാസ്താംകോട്ട കായലിനെയും നിർദ്ദേശിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ആലപ്പുഴ-കോട്ടയം, കോട്ടയം-വൈക്കം, ആലപ്പുഴ-ചങ്ങനാശ്ശേരി എന്നീ മൂന്ന് കനാലുകളുടെ വികസനത്തിനുള്ള പണി ലോകബാങ്ക് സഹായത്തോടെയുള്ള പദ്ധതിയുടെ കീഴിൽ 2003 ഏപ്രിൽ മാസത്തിൽ ആരംഭിക്കുന്നതാണ്. തെക്കോട്ട് കോവളം, വിഴിഞ്ഞം എന്നിവിടങ്ങളിലേക്കും വടക്കോട്ട് കാസർകോട്ടേയ്ക്കും ദേശീയ ജലപാത III ദീർഘിപ്പിക്കുന്നതിന് ഗവൺമെന്റ് ഭാരത സർക്കാരുമായി ചേർന്ന് തീക്ഷ്ണമായി പ്രയത്നിക്കുന്നതും അതിന് എത്രയും വേഗത്തിൽ അനുമതി കിട്ടുമെന്നും പ്രത്യാശിക്കുന്നു. ഭാരത സർക്കാരുമായി ചേർന്ന് പമ്പാ നദിയുടെയും അതിന്റെ നദീതടത്തിന്റെയും പാരിസ്ഥിതിക വീണ്ടെടുപ്പിനുള്ള 319 കോടി രൂപയുടെ 'പമ്പാ ആക്ഷൻ പ്ലാൻ' എന്ന ഒരു പദ്ധതിയും ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്.

**50.** 2002-ലെ ദേശീയ ജലനയത്തിന്റെ വെളിച്ചത്തിൽ സംസ്ഥാനത്ത് ജലനയം പുനഃപരിശോധിക്കുന്നതാണ് ഒരു ഏകീകൃത ജലസേചന ബിൽ അവതരിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഈ ബില്ലിൽ ജലസേചന സംരംഭങ്ങളും അനുബന്ധ സുരക്ഷിതത്വ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ ഏകീകരിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നതും ഡാം സേഫ്റ്റി അതോറിറ്റിക്ക് വ്യവസ്ഥ ചെയ്യുന്നതും ആയിരിക്കും. 1787 കോടി രൂപയ്ക്കുള്ള ജപ്പാൻ സഹായം (ജെ. ബി. ഐ. സി.) ലഭ്യമാക്കിക്കൊണ്ട് കുടിവെള്ള വിതരണ പദ്ധതി ഏറ്റെടുക്കുന്നതിനും എന്റെ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതും 2000 കോടി രൂപ മൊത്തം അടങ്കൽ തുക വരുന്നതുമായ

224 പദ്ധതികൾ 2005-06-നു മുമ്പായി കേരള വാട്ടർ അതോറിറ്റി പൂർത്തിയാക്കുന്നതാണ്. മൊത്തം 1235 കോടി രൂപ അടങ്കൽ തുകയുള്ള പുതിയ പദ്ധതികൾക്കായി എൽ. ഐ. സി., നബാർഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായം ലഭ്യമാക്കുന്നതിനും എ. ആർ. പി. പദ്ധതി പ്രകാരമുള്ള ഫണ്ടുകൾ ഉപയോഗിക്കുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

**51.** വരും വർഷങ്ങളിൽ കൊച്ചിയുടെ ഈ മേഖലയിലെ വാണിജ്യത്തിന്റെയും വ്യവസായത്തിന്റെയും ഗതാഗതത്തിന്റെയും പ്രധാന കേന്ദ്രമായ ഒരു വൻ മഹാനഗരമെന്ന നിലയിലുള്ള വികസനം നഗരത്തിലെ ഗതാഗത പ്രശ്നങ്ങൾ എത്രമാത്രം കാര്യക്ഷമതയോടെ പരിഹരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ള നിർദ്ദിഷ്ട സ്കൈബസ് മെട്രോ സിസ്റ്റം കൊച്ചിയുടെ ഗതാഗത ആവശ്യങ്ങൾക്ക് ആശാവഹമായ പരിഹാരമായി കാണുന്നു. ഈ പദ്ധതിയുടെ നടപ്പാക്കലിന് പിൻതുണ നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. കെ. എസ്. ആർ. ടി. സി. യുടെ പക്കൽ ലഭ്യമായ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനുള്ള എന്റെ ഗവൺമെന്റിന്റെ പദ്ധതിയുടെ ഭാഗമായി ബി. ഒ. റ്റി. അടിസ്ഥാനത്തിൽ തമ്പാനൂരിൽ ബസ്ബേകൾ, ഫ്ളൈ ഓവറുകൾ, കാർപാർക്കിംഗ്, വ്യാപാര സമുച്ചയം എന്നിവയും റെയിൽവേ സ്റ്റേഷനിലേക്ക് പ്രവേശനത്തിനുള്ള പരസ്പര ബന്ധിത സംവിധാനവും ഉൾക്കൊള്ളുന്ന ഒരു ബസ് സ്റ്റേഷൻ ഇന്നു നിലവിലുള്ളതിൽ വച്ച് ഏറ്റവും നൂതനമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അതിനെ ഒരു പണ നഷ്ടമില്ലാസ്ഥാപനം ആക്കുന്നതിനുമുള്ള പ്രയത്നങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ബി. ഒ. റ്റി. അല്ലെങ്കിൽ സ്പോൺസർഷിപ്പ് അടിസ്ഥാനത്തിൽ ബസ് സ്റ്റേഷനുകളുടെ ഘട്ടംഘട്ടമായുള്ള ആധുനികവൽക്കരണം ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു. യാത്രക്കാരുടെ സുരക്ഷിതത്വവും സംരക്ഷണവും ഉറപ്പാക്കുന്നതിനുള്ള ഒരു നിർണ്ണായക കാൽവയ്പ് എന്ന നിലയിൽ ഘട്ടംഘട്ടമായി ജലഗതാഗത വകുപ്പിലെ ബോട്ടുകൾ മാറ്റി പകരം പുതിയവ കൊണ്ടുവരുന്നതിനും ഗവൺമെന്റിന് ഉദ്ദേശമുണ്ട്.

**52.** മോട്ടോർ വാഹന വകുപ്പിനെ പൗരസൗഹൃദ വകുപ്പായി മാറ്റുക എന്ന ഉദ്ദേശത്തോടുകൂടി നടത്തുന്ന കമ്പ്യൂട്ടർവൽക്കരണം ഇപ്പോൾ ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുന്നു. ഈ പദ്ധതിക്കുള്ള സാങ്കേതിക സഹായം നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ മുഖേന ആണ്. ഇതിന്റെ സേവനങ്ങൾ സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുന്നതാണ്. റോഡ് സേഫ്റ്റി അതോറിററി സ്ഥാപിക്കുന്നതിനും, റോഡ് സേഫ്റ്റി ഫണ്ട് രൂപീകരിക്കുന്നതിനുമായി ഒരു ബില്ല് എന്റെ ഗവൺമെന്റ് നിയമസഭയിൽ അവതരിപ്പിക്കാനും ഉദ്ദേശിക്കുന്നു.

**53.** ഗവൺമെന്റ്, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിനും വിമാനത്താവളത്തിലെ പുതിയ ടെർമിനലിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനും നടപടികളെടുക്കുന്നതാണ്. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സാമ്പത്തിക പുനഃക്രമീകരണത്തിനായുള്ള എന്റെ ഗവൺമെന്റിന്റെ ഉദ്യമങ്ങൾ അതിന്റെ വിഷമഘട്ടം തരണം ചെയ്യുന്നതിന് ഏറെ സഹായിച്ചിട്ടുണ്ടെന്നും, അതിന് ഈ വർഷം പ്രവർത്തന ചെലവു കഴിച്ച് മിച്ചപ്പെടുത്താൻപോലും കഴിഞ്ഞിട്ടുണ്ടെന്ന് എടുത്തു പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

**54.** ചെറുതും ഇടത്തരവുമായ തുറമുഖങ്ങളുടെ വികസനത്തിനുവേണ്ടി ഗണ്യമായ നിക്ഷേപം തിരിച്ചുവിടുകയെന്ന വെല്ലുവിളി നിറഞ്ഞ ജോലി എന്റെ ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. ഗവൺമെന്റിന് നിക്ഷേപം നടത്തുന്നതിനുള്ള ഫണ്ടുകളുടെ അപര്യാപ്തത കാരണം, ഈ തുറമുഖങ്ങൾക്ക് ബി. ഒ. ടി. അടിസ്ഥാനത്തിലുള്ള വികസനം സ്വീകരിക്കേണ്ടി വന്നിരിക്കുകയാണ്. വിഴിഞ്ഞത്ത് ഒരു അന്താരാഷ്ട്ര കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ, കണ്ണൂരിലെ അഴീക്കലിൽ ഒരു പൊതു കാർഗോ തുറമുഖം, കോഴിക്കോട് ബേപ്പൂർ തുറമുഖം, തങ്കശ്ശേരി, മുനമ്പം, പൊന്നാനി എന്നിവിടങ്ങളിൽ തുറമുഖങ്ങൾ, ആലപ്പുഴയിലെ സമ്പുഷ്ടമായ ടൂറിസം സാധ്യതകൾ ചൂഷണം ചെയ്യുന്നതിനായി ഒരു ഉല്ലാസ തുറമുഖം എന്നിവയാണ് വിഭാവന ചെയ്തിട്ടുള്ള വിവിധ പദ്ധതികൾ.

**55.** ഈ വർഷം ഒരു തുറമുഖനയം എന്റെ ഗവൺമെന്റ് രൂപീകരിക്കുന്നതാണ്. ഭാരതത്തിലേയും വിദേശത്തേയും സമുദ്രയാത്രായാനങ്ങളിൽ തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു തുടക്കമെന്ന നിലയിൽ, തിരുവനന്തപുരം ജില്ലയിലെ വലിയതുറയിൽ ഒരു 'മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്' സ്ഥാപിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

**56.** നമ്മുടെ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നതിന് എന്റെ ഗവൺമെന്റ് കഴിവിന്റെ പരമാവധി പരിശ്രമിക്കുന്നതാണ്. വ്യക്തമായും അവർക്കുവേണ്ടി സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിൽ ഗവൺമെന്റ് ഒരു സജീവ പങ്ക് വഹിച്ചെങ്കിൽ മാത്രമെ ഈ ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ. 2003-04-ൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ ഒരു സമുച്ചയം വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. "ഡോക്ടർ അംബേദ്കർ ഭവനം" എന്ന് നാമകരണം ചെയ്യപ്പെടുന്ന ഈ സമുച്ചയം, ഒരു ഓഡിറ്റോറിയവും, പഠനകേന്ദ്രങ്ങളും, ഒരു ദളിത് മ്യൂസിയവും, ഒരു ആർട്ട് ഗ്യാലറിയും, സിവിൾ സർവ്വീസ് കോച്ചിംഗ് കേന്ദ്രവും കൂടി ഉൾക്കൊള്ളുന്നതുമായിരിക്കും. സംസ്ഥാനത്തെ മറ്റു സമുദായങ്ങളിൽ നിന്ന് വ്യത്യസ്തമായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടേതായ വിദ്യാഭ്യാസ സ്ഥാപനങ്ങളോ അതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളോ ഇല്ല. അതിൻകീഴിലുള്ള സ്ഥാപനങ്ങളുടെ ഒരു ശൃംഖലയുടെ പ്രവർത്തനത്തിനും ഫണ്ട് സ്വരൂപിക്കാനും വേണ്ടി ഒരു സൊസൈറ്റി ഉടൻതന്നെ രൂപീകരിക്കുന്നതാണ്. പബ്ലിക്, സൈനിക്, നവോദയ സ്കൂളുകളുടെ മാതൃകയിൽ ഒരു ഇംഗ്ലീഷ് മീഡിയം റസിഡൻഷ്യൽ പബ്ലിക് സ്കൂളെങ്കിലും ഈ വർഷം തുടങ്ങാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

**57.** പട്ടികവർഗ്ഗക്കാർക്ക് വേണ്ടി തൊഴിൽ പദ്ധതികൾ നടപ്പാക്കുന്നതിലൂടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിന് എന്റെ ഗവൺമെന്റ് മുന്തിയ പരിഗണന നൽകുന്നതാണ്. വിവിധ ജില്ലകളിൽ 810 കുടുംബങ്ങൾക്ക് 1740 ഏക്കർ ഭൂമി വിതരണം ചെയ്യാൻ 'ട്രൈബൽ റീ-സെറ്റിൽമെന്റ് ആൻറ് ഡവലപ്മെന്റ് മിഷന്' കഴിഞ്ഞിട്ടുണ്ട്. പ്രീ-മെട്രിക്ക് ഹോസ്റ്റലുകളുടെ പുനരുദ്ധാരണം,

അവരുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പാവപ്പെട്ട ആദിവാസികൾക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കൽ, ആദിവാസികളുടെ നേരെയുള്ള ക്രൂരത തടയാനുള്ള നിയമ വ്യവസ്ഥകൾ ശരിയായി നടപ്പാക്കൽ, എൻ. സി. വി. റ്റി. മാതൃകയിൽ പുതിയ വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കൽ, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സി. ബി. എസ്. ഇ. വിദ്യാഭ്യാസം നടപ്പിലാക്കൽ, വയനാട് ജില്ലയിൽ സമഗ്രമായ കുടിവെള്ള വിതരണ പദ്ധതി, ആദിവാസികൾക്കുള്ള ആരോഗ്യ പരിരക്ഷ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നിവയ്ക്ക്, മറ്റുള്ളവയോടൊപ്പം, ഗവൺമെന്റിന്റെ 2003-04-ലെ ആദിവാസി ഉപപദ്ധതിയിൽ പ്രാധാന്യം നൽകുന്നു.

**58.** വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സേവനങ്ങൾ ഒരു കേന്ദ്രസ്ഥാനത്തു കൊണ്ടുവരുന്നതിന് ഐ. സി. ഡി. എസ്. പ്രോജക്റ്റുകളെ കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളാക്കി മാറ്റാൻ എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. മന്ദബുദ്ധികളായ സ്ത്രീകളുടെ സംരക്ഷണത്തിനും പരിരക്ഷയ്ക്കും പുനരധിവാസത്തിനുംവേണ്ടി അവർക്കായി മൂന്ന് പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് അവരുടെ മേഖലാകേന്ദ്രം കൊച്ചിയിൽ ഈ വർഷം ആരംഭിക്കുന്നതാണ്. കേരള സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡ്, ദുരിതത്തിലും സദാചാര പ്രതിസന്ധിയിലുംപെട്ട പെൺകുട്ടികൾക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു സഹായകേന്ദ്രം സ്ഥാപിക്കുന്നതാണ്. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ കാസർഗോഡ് ജില്ലയിലെ തോട്ടം മേഖലകളിൽ മന്ദബുദ്ധികളും വികലാംഗരുമായ കുട്ടികൾക്കായി ഒരു 'റിഹാബിലിറ്റേഷൻ സെന്റർ-കം-സ്പെഷ്യൽ സ്കൂൾ' സ്ഥാപിക്കുന്നതാണ്.

**59.** സ്വാശ്രയ പ്രൊഫഷണൽ കോളേജുകളെ പ്രോത്സാഹിപ്പിക്കുക എന്ന മാറിയനയം മെഡിക്കൽ വിദ്യാഭ്യാസത്തെ ഒരു പുതിയ യുഗത്തിലേക്ക് ആനയിക്കുന്നു. ഇങ്ങനെയുള്ള വളരെ അർത്ഥവത്തും വിപ്ലവകരവുമായ നടപടിമൂലം നമ്മുടെ വിദ്യാർത്ഥി സമൂഹത്തിന്റെ ഒരു വലിയ വിഭാഗത്തിന് ഉന്നത വിദ്യാഭ്യാസത്തിനുള്ള പന്ഥാവ് തുറന്നിട്ടുണ്ട്. അത്തരത്തിലുള്ള ഒരു നയം, തീർച്ചയായും,

ആരോഗ്യരംഗത്ത് മാത്രമായി 300 കോടി രൂപയോടടുത്ത ഒരു ഭീമമായ നിക്ഷേപത്തിലേക്കും കൂടി നയിച്ചിട്ടുണ്ട്. സംസ്ഥാനത്തു നിന്നും ഏകദേശം 100 കോടിയിൽപ്പരം രൂപയുടെ ഒഴുക്ക് ഇതുമൂലം തടയാൻ സാധിച്ചിട്ടുണ്ട്. നാല് സ്വാശ്രയ മെഡിക്കൽ കോളേജുകൾ, രണ്ട് ദന്തൽ കോളേജുകൾ, പതിനാറ് നഴ്സിംഗ് കോളേജുകൾ, ഇരുപത്തിമൂന്ന് നഴ്സിംഗ് സ്കൂളുകൾ, അഞ്ച് ആയുർവേദ കോളേജുകൾ, ഒരു സിദ്ധ–കോളേജ് എന്നിവയുടെ സ്ഥാപനം—സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് യഥാർത്ഥത്തിലുള്ള വിസ്മയകരമായ ഒരു കുതിച്ചുചാട്ടം—ഗവൺമെന്റ് വരുത്തിയ നയം മാറ്റത്തിന്റെ ഫലമാണ്. കോട്ടയത്ത് സർക്കാർ മേഖലയിൽ ഒരു ദന്തൽ കോളേജ് ആരംഭിച്ചിട്ടുണ്ട്.

**60.** സംസ്ഥാനത്ത് ടെലികൺസൾട്ടേഷനിലേക്ക് വഴികാട്ടിയാവുന്ന, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഇലക്ട്രോണിക് മെഡിക്കൽ ലൈബ്രറി, കൊല്ലം, പത്തനംതിട്ട ജില്ലാ ആശുപത്രികളേയും, അടൂരിലേയും, നെയ്യാറ്റിൻകരയിലേയും താലൂക്ക് ആശുപത്രികളേയും തമ്മിൽ ബന്ധിപ്പിക്കുന്നതാണ്. ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി 127 കോടി മുതൽമുടക്ക് വരുന്ന ഒരു പദ്ധതി നിർദ്ദേശവും സെക്കന്ററി തലത്തിലുള്ള ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി 814 കോടി രൂപയ്ക്കുള്ള മറ്റൊരു പദ്ധതി നിർദ്ദേശവും ലോകബാങ്കിന് സമർപ്പിച്ചിട്ടുണ്ട്.

**61.** മലബാർ മേഖലയിൽ ഒരു ആയുർവേദ പാർക്ക് സ്ഥാപിക്കാൻ എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. തിരുവനന്തപുരത്തെ സർക്കാർ ആയുർവേദ കോളേജും, ഹോമിയോ കോളേജും 14 കോടി രൂപ മുതൽമുടക്കിൽ 'സെന്റേഴ്സ് ഓഫ് എക്സലൻസ്' ആക്കി മാറ്റുവാനുള്ള നിർദ്ദേശങ്ങൾ ഭാരത സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഗുണമേൻമയുള്ള ഔഷധ ചെടികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും ഇതിനായി സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുന്നതും, ഈ ലക്ഷ്യത്തിലേക്കായി ഒരു 'മെഡിസിനൽ പ്ലാന്റ്സ് ബോർഡ്' രൂപീകരിച്ചിട്ടുള്ളതും ആകുന്നു.

**62.** എന്റെ ഗവൺമെന്റ് ഒരു പുതിയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് പഠിച്ച് അത് വിപുലമായ ചർച്ചകൾക്കുവേണ്ടി സമർപ്പിക്കാനായി ഒരു വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ ഐ. ടി.@ സ്കൂൾ പ്രോജക്റ്റ് പ്രകാരം ഈ വിദ്യാഭ്യാസ വർഷം VIII-ാം സ്റ്റാൻഡേർഡിൽ ഐ. ടി. ഒരു പാഠ്യവിഷയമായി കൊണ്ടുവന്നിട്ടുള്ളതാണ്. കുട്ടികൾക്ക് സമഗ്രമായ കംപ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം നൽകാൻ കഴിവുള്ള "സ്മാർട്ട്" സ്കൂൾ സംരംഭത്തിൻ കീഴിൽ 100 സ്കൂളുകളെ കൊണ്ടുവരുന്നതാണ്.

**63.** എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം നേടുന്നതിനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കണമെന്ന എന്റെ ഗവൺമെന്റിന്റെ തീരുമാനത്തിന്റെ ഭാഗമായി, ഹയർ സെക്കന്ററി കോഴ്സുകളുടെ എണ്ണം 20% വർദ്ധിപ്പിക്കുകയും അറുപതു കുട്ടികൾ വീതമുള്ള ഒരു ബാച്ചോടു കൂടി 322 അൺ എയിഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 1999–2000 മുതലുള്ള 5000 ഹയർ സെക്കന്ററി സ്കൂൾ ടീച്ചർമാരുടെ നിയമനങ്ങൾ അംഗീകരിച്ചിട്ടുണ്ടെന്നും തൽഫലമായി കഴിഞ്ഞ മൂന്ന് വർഷമായി യാതൊരു ശമ്പളവുമില്ലാതെ ജോലി ചെയ്യുക എന്ന അവരുടെ അലട്ടുന്ന പ്രശ്നത്തിന് ഒരു പരിഹാരം കാണുന്നതിന് സാധിച്ചു എന്നും പ്രഖ്യാപിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി കോഴ്സുകളിലെ സീറ്റുകളുടെ എണ്ണത്തിൽ പത്തു ശതമാനം വർദ്ധനവ് വരുത്തുന്നതിനും കൂടി ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്.

**64.** സംസ്ഥാനം അതിന്റെ വികസനത്തിന്റെ നേതൃത്വം തീരുമാനിക്കുന്നതും രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ അതിന്റെ സംഭാവനയുടെ മികവ് നിർവ്വചിക്കുന്നതുമായ ഒരു പ്രധാന ഘടകമാണ് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ ഗുണനിലവാരം എന്നത് എന്റെ ഗവൺമെന്റ് തിരിച്ചറിയുന്നു. സംസ്ഥാനത്ത് ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസം നൽകുന്നതിനുള്ള ഒരു വേദിയായി 60 കോളേജുകളെ കോർത്തിണക്കികൊണ്ട് ഒരു "സംസ്ഥാന വിദ്യാഭ്യാസ ഗ്രിഡ്" തുടങ്ങാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ വിദ്യാഭ്യാസ ഭരണ നിർവഹണം

ശക്തിപ്പെടുത്തുന്നതിനായി കൊണ്ടുവരുന്ന "ഏകീകൃത സർവ്വകലാശാലാ ബിൽ" സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ വികസനത്തിന് പാതയൊരുക്കുന്നതാണ്. സർവ്വകലാശാലകളെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ഏകോപിപ്പിക്കുന്നതിനും മാർഗ്ഗനിർദ്ദേശത്തിനും വേണ്ടി പ്രവർത്തിക്കുന്ന ഒരു ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

**65.** പുതിയ വിദ്യാഭ്യാസ അവസരങ്ങൾക്കായുള്ള വർദ്ധിക്കുന്ന ആവശ്യങ്ങളോടൊപ്പം തുല്യവേഗത്തിൽ നീങ്ങുന്നതിനായി സംസ്ഥാനത്ത് 29 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്കും, 11 എം. സി. എ. കോളേജുകൾക്കും, 5 എം. ബി. എ. കോളേജുകൾക്കും ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. പുതിയതും ഉയർന്നുവരുന്നതുമായ ഉന്നത വിദ്യാഭ്യാസ മേഖലകളിൽ കോഴ്സുകൾ വാഗ്ദാനം ചെയ്തുകൊണ്ട് 34 സ്വാശ്രയ ആർട്ട്സും സയൻസും കോളേജുകളും അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഒരു ' ഓപ്പൺ യൂണിവേഴ്സിറ്റി' ആരംഭിക്കുവാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഈ തീരുമാനങ്ങൾ തീർച്ചയായും സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ ചരിത്രത്തിലെ രേഖകൾ പൊളിച്ചെഴുതുന്നതാണ്. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ വർദ്ധനവിന്റെ വെളിച്ചത്തിൽ സംസ്ഥാനത്ത് ഒരു സാങ്കേതിക യൂണിവേഴ്സിറ്റിയുടെ ആവശ്യകത ഗവൺമെന്റ് വിലയിരുത്തുന്നു. വിദഗ്ദ്ധ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേകമായി തെരഞ്ഞെടുത്ത ചില സ്ഥാപനങ്ങൾക്ക് സ്വയംഭരണ പദവി നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളെ 'സെന്റേഴ്സ് ഓഫ് എക്സലൻസ്' ആയി ഉയർത്താനും 'നാക്' ൽ നിന്നും അക്രെഡിറ്റേഷൻ നേടിയെടുക്കാനും ഗവൺമെന്റിന് പദ്ധതികൾ ഉണ്ട്.

**66.** പൊതുവിതരണ സമ്പ്രദായം (പി.ഡി.എസ്.) നിഷ്ഫലമായി ക്കൊണ്ടിരിക്കുന്നുവെന്ന അപകടകരമായ അവസ്ഥയിലാണ്. ഭാരത സർക്കാർ ഈ രംഗത്ത് അതിന്റെ അടിസ്ഥാന സമീപനവും നയങ്ങളും തിരുത്തുകയും വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുമെന്ന് നാം പ്രത്യാശിക്കുന്നു. പൊതുവിതരണ സമ്പ്രദായത്തെ കേരളത്തിലെ

ശക്തമായ സംവിധാനമായി കെട്ടിപ്പടുക്കുന്നതിന് എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുകയും പി.ഡി.എസിന് മാത്രമേ നമ്മുടെ ജനങ്ങൾക്ക്, പ്രത്യേകിച്ചും സംസ്ഥാനത്തെ പാവപ്പെട്ടവർക്ക്, ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്താൻ സാധിക്കുകയുള്ളൂ എന്ന് കരുതുകയും ചെയ്യുന്നു. സിവിൽ സപ്ലൈസ് വകുപ്പിന്റെ പൂർണ്ണമായ കംപ്യൂട്ടർവൽക്കരണം ഈ വർഷം പൂർത്തിയാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഗവൺമെന്റ് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന്റെ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും മൂന്ന് ജില്ലാ ഫോറങ്ങളുടെ കെട്ടിടങ്ങളുടെ നിർമ്മാണം ഏറ്റെടുക്കുകയും ചെയ്യുന്നതാണ്.

**67.** പൊതുമേഖലയിൽ നിന്നും സ്വകാര്യ മേഖലയിൽ നിന്നും ഉയർന്ന തോതിലുള്ള പൊതുവും സ്വകാര്യവുമായ നിക്ഷേപത്തിലൂടെ തൊഴിൽ സൃഷ്ടിക്കൽ ഉറപ്പുവരുത്തുക, സംസ്ഥാനത്തെ തൊഴിലാളി വർഗ്ഗത്തിന് വരുമാന സുരക്ഷ ഉറപ്പുവരുത്തുക എന്നീ ഇരട്ടലക്ഷ്യം സംയോജിപ്പിക്കുന്നതിനുവേണ്ടി പുരോഗമനപരവും ദീർഘവീക്ഷണവുമുള്ള ഒരു തൊഴിൽ നയം എന്റെ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സ്ഥാപനങ്ങൾ തൊഴിൽ നിയമങ്ങൾ പാലിച്ചുകൊള്ളാമെന്ന് പ്രസ്താവിച്ചുകൊണ്ട് 'സ്വയം സാക്ഷ്യപത്രം നൽകൽ' സമ്പ്രദായം തെരഞ്ഞെടുക്കാൻ കഴിയുന്ന ഒരു "പ്രിസംപ്ടീവ് കംപ്ലയൻസ് റജിം"-ന് തൊഴിൽവകുപ്പ് രൂപം നൽകിവരുന്നു.

**68.** തോട്ടം തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആശ്വാസം പകരുന്നതിനു വേണ്ടിയുള്ള നടപടികളുടെ ഒരു പരമ്പര തന്നെ എന്റെ ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. സൗജന്യഭക്ഷ്യധാന്യം, ജോലിക്ക് പകരം ഭക്ഷണ പദ്ധതി, മെഡിക്കൽ ക്യാമ്പിലൂടെ ആരോഗ്യകാര്യത്തിലുള്ള ഇടപെടൽ എന്നിവ തോട്ടം തൊഴിലാളി കുടുംബാംഗങ്ങളുടെ ദുരിതത്തിൽ ഇടപെടാനും തക്കസമയത്ത് ആശ്വാസം നൽകാനും സാധിച്ചത് ഗവൺമെന്റിന്റെ നടപടികളിൽ ചിലതാണ്. തോട്ടം മേഖലയുടെ പുനരുദ്ധാരണം ഉൾപ്പെടെയുള്ള അത്തരം ഉദ്യമങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ഒരു പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**69.** സംസ്ഥാനത്തിന്റെ നിക്ഷേപം വർദ്ധിപ്പിക്കാനുള്ള ആവശ്യകതയുടെ പശ്ചാത്തലത്തിൽ, തൊഴിലാളികളുടെ ന്യായമായ അവകാശത്തിലും സ്വാതന്ത്ര്യത്തിലും വിട്ടുവീഴ്ച ചെയ്യാതെതന്നെ സൗഹൃദപരമായ തൊഴിൽ പരിസ്ഥിതി ഉണ്ടാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഈ ലക്ഷ്യത്തിലേക്ക്, സമാധാനപരമായ തൊഴിൽ ബന്ധങ്ങൾ സജീവമായി ഉറപ്പുവരുത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ലേബർ ഓഫീസർമാരെ നിലവിലുള്ള സ്ഥാപനങ്ങളും പുതിയ സംരംഭങ്ങളും ഏൽപ്പിച്ചുകൊണ്ട് അനുരഞ്ജന നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

**70.** സംസ്ഥാനത്തിന്റെ വികസന മുൻഗണനകളോടൊപ്പം ജീവിത നിലവാരത്തിന്റെയും പരിസ്ഥിതിയുടെയും മേൻമ വർദ്ധിപ്പിച്ചുകൊണ്ട് ശാസ്ത്രസാങ്കേതിക വിദ്യയുടെ ഉദ്യമങ്ങൾ ഒരേ നിരയിൽ കൊണ്ടുവരുന്നതിനായി 2002-ലെ ശാസ്ത്ര സാങ്കേതിക നയത്തിന് എന്റെ ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ട്. വിപുലമായ സ്വാതന്ത്ര്യവും ഉയർന്ന കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്ന ഒരു സ്വയംഭരണ സ്ഥാപനം രൂപീകരിച്ചിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിൽ നിലവിലുള്ള ശാസ്ത്ര സ്ഥാപനങ്ങൾ, ഈ കൗൺസിലിന്റെ ഭാഗമായി തീരുന്നതാണ്.

**71.** സ്കൂളുകളിൽ ശാസ്ത്ര വിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിനുവേണ്ടി 'ശാസ്ത്രപോഷിണി' എന്ന പേരിൽ ഒരു പുതിയ പദ്ധതി ഒരു പൈലറ്റ് പദ്ധതിയായി 36 വിദ്യാഭ്യാസ ജില്ലകളിലുള്ള ഹൈസ്കൂളുകളിൽ ആരംഭിക്കുന്നതാണ്. ജൈവ സാങ്കേതിക വിദ്യയുടെ സാധ്യതകൾ കേരളത്തിന് ഈ മേഖലയിൽ ഏറ്റവും മെച്ചപ്പെട്ട രീതിയിൽ പ്രയോജനപ്പെടുത്തുവാൻ സാധിക്കും എന്ന് ഉറപ്പുവരുത്തുന്നതിനായി, സഹസ്രാബ്ദത്തിലെ പ്രധാനപ്പെട്ട വിവരാധിഷ്ഠിത വ്യവസായങ്ങൾക്കിടയിൽ വ്യാപകമായി അംഗീകരിക്കപ്പെടുന്ന, ഒരു ജൈവസാങ്കേതിക വിദ്യാനയം രൂപീകരിക്കാൻ എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. താഴേത്തട്ടിൽ നിന്നുള്ള നവീകരണം പ്രോൽസാഹിപ്പിക്കുന്നതിനായി നാഷണൽ ഇന്നവേഷൻ ഫൗണ്ടേഷന്റെ കീഴിൽ ഒരു 'ഗ്രാസ്റൂട്ട് ഇന്നവേഷൻ ഓഗ്മെന്റേഷൻ നെറ്റ്വർക്ക് '(ഗെയിൻ) രൂപീകരിക്കുന്നതാണ്.

**72.** മുൻ ഗവൺമെന്റ് വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിന്റെ ഫലമായി ഹഡ്കോ സർക്കാരിന് വായ്പ നൽകുന്നത് നിർത്തിവച്ചിട്ടുണ്ടായിരുന്നു. ഹഡ്കോ സഹായം പുനഃസ്ഥാപിക്കുന്നതിനായി ഒരു 'ധാരണാപത്രം' (എം.ഒ.യു.) കൈമാറാൻ സാധിച്ചു എന്നത് എന്റെ ഗവൺമെന്റിന്റെ ശ്രദ്ധേയമായ നേട്ടമാണ്. വിവിധ ഭവന പദ്ധതിയിൻ കീഴിൽ 40,000-ൽ പരം ഗുണഭോക്താക്കൾക്ക് ദീർഘകാല ഗഡുക്കൾ ഉള്ള വായ്പകൾ നൽകുന്നതിനായി ഭവനനിർമ്മാണ ബോർഡ് പൊതു വിപണിയിൽ നിന്നും പണം സ്വരൂപിക്കുന്നതാണ്. ഭൂവുടമകളെയും വാടകക്കാരേയും സംരക്ഷിക്കുന്നതും തർക്കങ്ങൾക്ക് വേഗത്തിൽ തീരുമാനം ഉണ്ടാകുന്നതുമായ ഒരു പുതിയ വാടക നിയന്ത്രണ നിയമനിർമ്മാണം നടത്താൻ എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഇത് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ശ്രദ്ധേയ നേട്ടത്തോടൊപ്പം സംസ്ഥാനത്തെ പാർപ്പിട നിർമ്മാണ വ്യവസായ രംഗത്ത് വലിയ ഒരു കുതിച്ചു ചാട്ടം ഉണ്ടാക്കുകയും ചെയ്യും. ഹൗസിംഗ് ബോർഡിൽ നിന്നും വായ്പകൾ ലഭിക്കുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുന്നതിന് 'ഗഹൻലാ' ഏർപ്പെടുത്തുവാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നു. 'ഭൂ മൈത്രി ഭവന പദ്ധതി' പ്രകാരം 75 കോടിയിൽപരം രൂപ 21,400 ഗുണഭോക്താക്കൾക്ക് വായ്പയായി ഹൗസിംഗ് ബോർഡ് നൽകുന്നതാണ്. നഗരവികസന പദ്ധതി പ്രകാരം തിരുവനന്തപുരത്ത് ആക്കുളത്തും കൊച്ചിയിൽ മറൈൻ ഡ്രൈവിനടുത്തും സാറ്റ്ലൈറ്റ് ടൗൺഷിപ്പുകൾ ഉണ്ടാക്കുന്നതാണ്.

**73.** കൃഷിക്കാർക്ക് അവരുടെ കൈവശവസ്തു പണയപ്പെടുത്താതെ തന്നെ ക്രെഡിറ്റ് സൗകര്യങ്ങൾ ഉപയോഗിക്കാൻ സഹായിക്കുന്നതായ കിസാൻ പാസ് ബുക്കുകൾ എല്ലാ കൃഷിക്കാർക്കും നൽകുവാൻ എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഇത് പ്രത്യേകിച്ച് പട്ടികവർഗ്ഗങ്ങൾക്കും മലയോര കർഷകർക്കും പ്രയോജനപ്രദമാണ്. മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പ്രയോജനപ്പെടുന്ന വിധത്തിൽ യഥാർത്ഥ കേസുകളിൽ പട്ടയം വിതരണം ചെയ്യുന്നത് ത്വരിതപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. മിച്ചഭൂമിയായി ഗവൺമെന്റിന് വിട്ടുകൊടുത്തിട്ടുള്ള ഭൂമി ഉത്തമ വിശ്വാസത്തിൽ വാങ്ങിയിട്ടുള്ളത്

ക്രമവൽക്കരിക്കാൻ കേരള ഭൂപരിഷ്കരണ നിയമം ഭേദഗതി ചെയ്യുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുന്നു. കേരള ഭൂപരിഷ്കരണ നിയമത്തിന്റെ വ്യവസ്ഥകളിൽ നിന്ന് കശുമാവ് തോട്ടങ്ങളെയും വാനില തോട്ടങ്ങളെയും ഒഴിവാക്കുന്നതിനുള്ള ഒരു ബിൽ നിയമസഭയുടെ ഈ സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കുന്നതാണ്.

**74.** സമൂഹത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ള പാട്ടവാടക ഘടനയെ യുക്തിസഹമാക്കാനും അവയുടെ കൃത്യമായ പിരിവിനും 'വൺടൈം സെറ്റിൽമെന്റ് സ്കീം' രൂപീകരിക്കാനും എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. കളക്ടറേറ്റുകളിലേയും താലൂക്ക് ഓഫീസുകളിലേയും കമ്പ്യൂട്ടർവൽക്കരണം ഈ വർഷവും ലാൻഡ് റെക്കാർഡ്സ് ഓഫീസുകളിലേത് അടുത്ത വർഷവും പൂർത്തിയാക്കാൻ കഴിയുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നു. സർവെയും ലാന്റ് റെക്കാർഡുകളും വകുപ്പിൽ 'ടോട്ടൽ സ്റ്റേഷൻസ്' പോലുള്ള നൂതനമായ ഉപകരണങ്ങൾ ഉപയോഗിച്ച് റീ-സർവെ പൂർത്തീകരിക്കുന്നതിലായിരിക്കും നടപടികൾ കേന്ദ്രീകരിക്കുന്നത്.

**75.** സംസ്ഥാനത്തിന് പുറത്ത് ജോലി ചെയ്യുന്ന കേരളീയർ നൽകുന്ന സവിശേഷ സേവനം എന്റെ ഗവൺമെന്റ് അംഗീകരിക്കുകയും സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് അവരുടെ സംഭാവന വിലമതിക്കാനാവാത്തതാണെന്ന വസ്തുത ശ്ലാഘിക്കുകയും ചെയ്യുന്നു. പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ കൂടുതൽ കാര്യക്ഷമമാക്കി ഒന്നിപ്പിക്കാനും നടപ്പാക്കാനും "റൂട്ട്സ്-എൻ. ആർ. കെ. ഡവലപ്മെന്റ് ഇനിഷ്യേറ്റീവ്" എന്ന ഒരു പുതിയ കമ്പനി "സെക്ഷൻ 25" കമ്പനിയായി ഏകാംഗീകരിക്കപ്പെട്ടിട്ടുണ്ട്.

**76.** ആഗസ്റ്റ് 2002-ൽ ജർമ്മനിയിൽ വച്ച് നടത്തിയ 'ആഗോള പ്രവാസി മലയാളികളുടെ സമ്മേളനം-സമവായം 2002' മർമ്മപ്രധാനമായ പല ശുപാർശകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സമ്മേളനത്തിൽ നിർദ്ദേശിക്കപ്പെട്ട മുൻഗണനകൾ പ്രതിഫലിക്കുന്ന തെരഞ്ഞെടുത്ത പരിപാടികൾക്ക് സർക്കാർ രൂപം നൽകിക്കൊണ്ടിരിക്കുകയുമാണ്. 2003-04-ൽ എന്റെ ഗവൺമെന്റ് നിരവധി ഉദ്യമങ്ങൾക്ക് നാന്ദി കുറിക്കുവാൻ ഉദ്ദേശിക്കുന്നതും അവയിൽ പ്രവാസി സ്വാശ്രയ-സാമൂഹ്യ സുരക്ഷാ പദ്ധതി,

പ്രവാസി മലയാളികൾക്ക് വേണ്ടിയുള്ള ക്ഷേമനിധി, പ്രവാസി മലയാളികളുടെ പുനരധിവാസത്തിനുവേണ്ടിയുള്ള മൈക്രോ എന്റർപ്രൈസ് പ്രോഗ്രാം, പ്രവാസി മലയാളികൾക്ക് പദ്ധതികൾ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള സൗകര്യങ്ങൾ, പ്രവാസി മലയാളികൾക്കു വേണ്ടിയുള്ള ഒരു ഗ്രോത്ത്/മ്യൂച്വൽ ഫണ്ടിന്റെ രൂപീകരണം, പ്രവാസി മലയാളികൾക്കും പ്രവാസി മലയാളി സംഘടനകൾക്കും വേണ്ടി ഒരു ഡാറ്റാ ബാങ്കിന്റെ രൂപീകരണം എന്നിവ ഉൾപ്പെടുന്നതുമാകുന്നു.

**77.** എന്റെ ഗവൺമെന്റ് കേന്ദ്ര മൃഗശാല അതോറിറ്റിയുടെ സാമ്പത്തികവും സാങ്കേതികവുമായ സഹായത്തോടെ മ്യൂസിയങ്ങളുടെയും മൃഗശാലകളുടെയും ആധുനികവൽക്കരണം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ശ്രീ ചിത്രാ ആർട്ട്സ് ഗ്യാലറിക്കായി ഒരു പുതിയ കെട്ടിടം നിർമ്മിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. മ്യൂസിയങ്ങളെ മൃഗശാലകളിൽ നിന്നും വേർപെടുത്തുവാനും അതിനെ പുരാവസ്തു വകുപ്പിനോട് ലയിപ്പിക്കുന്നതിനുമായി നയപരമായ ഒരു തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്. പുരാവസ്തു വകുപ്പിന്റെ ഉദ്യമങ്ങൾ പുരാവസ്തു, കലാചരിത്രം, സംരക്ഷണം, മ്യൂസിയോളജി എന്നിവയ്ക്കായി സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ ഒരു 'മാറിടൈം ഹെറിറ്റേജ് യൂണിറ്റിന്' അംഗീകാരം നൽകുന്നതിന് വഴി തെളിച്ചിട്ടുണ്ട്. ഒരു പുരാവസ്തു മ്യൂസിയവും ഒരു ചരിത്രരേഖാ മ്യൂസിയവും തിരുവനന്തപുരത്ത് സ്ഥാപിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

**78.** സാഹിത്യം, ലളിത കലകൾ, നൃത്തരൂപങ്ങൾ, നാടോടി കഥകൾ, കരകൗശല വിദ്യകൾ എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനായി സർക്കാർ സ്ഥാപിച്ച സാംസ്ക്കാരിക സ്ഥാപനങ്ങളുടെ ഒരു ശൃംഖല തന്നെ നമ്മുടെ സംസ്ഥാനത്തിനുണ്ട്. അവ നമ്മുടെ സ്വന്തം സാംസ്കാരിക മൂല്യം പരിപോഷിപ്പിക്കുന്നതിനും നമ്മുടെ നാടിന്റെ ചരിത്രവും പാരമ്പര്യവും കാത്തു സൂക്ഷിക്കുന്നതിനും വിലമതിക്കാനാവാത്ത പിൻതുണ നൽകുന്നു. തൃശ്ശൂരിലെ കേരള കലാമണ്ഡലത്തിന്റെയും തിരുവനന്തപുരത്തെ വൈലോപ്പിള്ളി സാംസ്കാരിക ഭവനത്തിന്റെയും ആറൻമുളയിലെ വാസ്തുവിദ്യാ ഗുരുകുലത്തിന്റെയും പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

**79.** സംസ്ഥാന നിയമസഭയിൽ സർക്കാരിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പാർലമെന്ററി കാര്യ വകുപ്പ് കൂടുതൽ ഫലപ്രദമായ ഒരു പങ്ക് വഹിക്കുന്നു. എന്റെ ഗവൺമെന്റ്, പാർലമെന്ററി കാര്യങ്ങൾ പഠിക്കുന്നതിനായുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട്-ശ്രേഷ്ഠരായ പാർലമെന്റേറിയൻമാരുടെ സ്മരണ ശാശ്വതമാക്കാനുള്ള ഒരു കീർത്തിമന്ദിരവും, മറ്റു സംസ്ഥാനങ്ങളിലെയും രാജ്യങ്ങളിലെയും നിയമസഭകളുടെ കാര്യക്ഷമമായ ശൃംഖലയും, പഠനത്തിനും, ചർച്ചകൾക്കും, വാദപ്രതിവാദങ്ങൾക്കുമായുള്ള ഒരു വേദിയും, കുട്ടികൾക്കായുള്ള യുവപാർലമെന്റും ഉൾപ്പെടുന്ന "പാർലമെന്ററി ഗേറ്റ്‌വേ" എന്ന ഒരു നൂതന സംരംഭത്തിന് തുടക്കം ഇടുവാൻ ഉദ്ദേശിക്കുന്നു.

**80.** യുവജനങ്ങളെ ശാക്തീകരിക്കുന്നതും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതും സുഗമമാക്കുന്നതിനായി എന്റെ ഗവൺമെന്റ് യുവജനങ്ങൾക്കുവേണ്ടി "ന്യൂ ഡീൽ" എന്ന കർമ്മപദ്ധതി തയ്യാറാക്കിവരുന്നു. ഈ പദ്ധതിയിലെ ഒരു പ്രധാന കാൽവെയ്പാണ് മാനവശേഷി വികസന മിഷന്റെ പുഷ്ടിപ്പെടുത്തൽ. മറ്റൊരു തുടക്കം അഞ്ചു വിവിധ വിഭാഗങ്ങളിലായി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അവരുടെ ഏറ്റവും നല്ല ഉദ്യമങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി "ബെസ്റ്റ് പ്രാക്റ്റീസ് അവാർഡ്" ഏർപ്പെടുത്തുന്നതായിരിക്കും.

**81.** സർക്കാർ രൂപീകരിച്ച വിദഗ്ദ്ധ കമ്മിറ്റിയുടെ ശുപാർശ ഉൾപ്പെടുത്തികൊണ്ട് 2001-ലെ കേരള സ്പോർട്ട്സ് ആക്റ്റ് ഭേദഗതി ചെയ്യുവാൻ എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ആക്റ്റിലെ നിർദ്ദിഷ്ട മാറ്റങ്ങൾ സ്പോർട്ട്സിന്റെയും കായിക മത്സരങ്ങളുടെയും അഭിവൃദ്ധിക്കായുള്ള എല്ലാ പ്രവർത്തനങ്ങളെയും ഒരു സംഘടനയുടെ കീഴിൽ കൊണ്ടുവരുന്നതിന് വിഭാവനം ചെയ്യുന്നതും അത് സ്പോർട്ട്സിനെ താഴെതട്ടിലേക്ക് എത്തിക്കുക എന്ന ലക്ഷ്യം നേടിയെടുക്കുന്നതിന് സഹായമാകുകയും ചെയ്യും.

**82.** ഭാരത സർക്കാരിൽനിന്നുള്ള സഹായം പ്രയോജനപ്പെടുത്തിക്കൊണ്ട് ഒരു സംസ്ഥാനതല സ്പോർട്ട്സ് സമുച്ചയം കണ്ണൂരിൽ ആരംഭിക്കുവാൻ എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. സംസ്ഥാന ഫണ്ടും കേന്ദ്ര ഫണ്ടും അതോടൊപ്പം നിയമസഭാ

അംഗങ്ങളുടെയും, പാർലമെന്റ് അംഗങ്ങളുടെയും പ്രാദേശിക വികസന പദ്ധതികളിൽ നിന്നും ഉള്ള ഫണ്ടും പ്രയോജനപ്പെടുത്തി സ്പോർട്ട്സിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു പദ്ധതി തയ്യാറാക്കിവരുന്നു. ഭാരത സർക്കാരിന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് ഒരു നാഷണൽ സ്പോർട്ട്സ് അക്കാദമി സ്ഥാപിക്കുവാനുംകൂടി ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

**83.** സർക്കാർ കൈകാര്യം ചെയ്യുന്ന നിയമ ചട്ടക്കൂട് സംസ്ഥാനത്തെ ഉയർന്നുവരുന്ന ഭരണപരവും വികസനപരവുമായിട്ടുള്ള ആവശ്യങ്ങൾക്ക് പൊരുത്തപ്പെടുന്ന വിധത്തിലാക്കിത്തീർക്കുന്നതിനായി സർക്കാർ നിയമ പരിഷ്ക്കരണ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. കമ്മിറ്റി പ്രസിദ്ധീകരിച്ച അതിന്റെ ആദ്യ റിപ്പോർട്ട് പുരാതനവും കാലഹരണപ്പെട്ടതുമായ നിയമങ്ങൾ റദ്ദാക്കുന്നതിനും മറ്റു പല നിയമങ്ങളിലും ഭേദഗതി വരുത്തുന്നതിനും വിവിധ മേഖലകളിൽ പുതിയ നിയമങ്ങൾ ഉണ്ടാക്കുന്നതിനും നിർദ്ദേശിക്കുകയുണ്ടായി. എന്റെ ഗവൺമെന്റ് ഈ പരിഷ്ക്കാരങ്ങളുടെ നടപ്പിലാക്കൽ വ്യവസ്ഥാപിതമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഉദ്ദേശിക്കുന്നു.

**84.** പബ്ലിക് സർവ്വീസിന്റെ പ്രവർത്തനങ്ങളും ഉത്തരവാദിത്വങ്ങളും മെച്ചപ്പെടുത്തുന്നതിനായി എന്റെ ഗവൺമെന്റ് തുടർന്നും ഭരണ പരിഷ്ക്കരണ നടപടികൾ നടപ്പിലാക്കും. കേരള ഭരണ പരിഷ്ക്കരണ കമ്മിറ്റിയുടെ ശുപാർശകൾ എത്രയും വേഗം നടപ്പിലാക്കുന്നത് സർക്കാർ പരിഗണിച്ചുകൊണ്ടിരിക്കുന്നു. വിവിധ വകുപ്പുകളിൽ അധിക തസ്തികകൾ കണ്ടെത്തിക്കഴിഞ്ഞിട്ടുള്ളതും കാര്യക്ഷമത നഷ്ടപ്പെടുത്താതെ ഭരണചെലവ് നിയന്ത്രിച്ച് അവരുടെ പുനർവിന്യാസത്തിനായുള്ള നടപടികൾ നടന്നുവരുന്നതുമാകുന്നു. ഈ ആധുനിക കാലഘട്ടത്തിൽ കേരള ജനതയെ മെച്ചപ്പെട്ട വിധത്തിൽ സേവിക്കുന്നതിന് സർക്കാർ ജീവനക്കാരെ സജ്ജരാക്കുന്നതിനായി അവർക്ക് പരിശീലനം നൽകുന്നതിന് ഈ വർഷം സർക്കാർ മുന്തിയ പരിഗണന നൽകും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ. എം. ജി.) ഇതിനായി ഒരു പരിപാടി മുൻപേതന്നെ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

**85.** നമ്മുടെ രാജ്യത്തെ സേവിച്ചിട്ടുള്ള ധീരരായ പ്രതിരോധ സേനാംഗങ്ങളുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന വിമുക്ത ഭടൻമാരുടെ വികസനത്തിനും പുനരധിവാസത്തിനുമായുള്ള കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാവിധ സഹായങ്ങളും തുടർന്നും നൽകുന്നത് എന്റെ ഗവൺമെന്റ് ഉറപ്പുവരുത്തും.

**86.** അടുത്ത നാല് വർഷങ്ങൾക്കകം ഔദ്യോഗിക ഭാഷ മലയാളം ആക്കി മാറ്റുന്നത് പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുന്നു. സർക്കാർ ജീവനക്കാർക്കുവേണ്ടി ഐ. എം. ജി. യുടെ പരിശീലനപരിപാടികളുടെ വിപുലീകരണം, പൊതുപ്രചരണപരിപാടികൾ സംഘടിപ്പിക്കൽ, സർക്കാർ വകുപ്പുകളുടെ ഏറ്റവും നല്ല പ്രവർത്തനത്തിന് അവാർഡുകൾ ഏർപ്പെടുത്തൽ, അച്ചടിയുടെ നിലവാരം ഏകീകരിക്കൽ, സാങ്കേതികവിദ്യ മെച്ചപ്പെടുത്തൽ തുടങ്ങിയ ചിലത് ഇതിന്റെ ഉദ്യമങ്ങളിൽ ഉൾപ്പെടുന്നു.

**87.** സാമ്പത്തിക പരാധീനതയിൽ നിന്നും കരകയറുന്നതിനുള്ള പരിശ്രമങ്ങളുടെ പാതയിൽ ഏറ്റവുമധികഭാരം ചുമലിലേൽക്കേണ്ടിവന്നത് സർക്കാരിനു മുഖ്യമായും റവന്യു വരുമാനം ലഭ്യമാക്കുന്ന വകുപ്പെന്ന നിലയിൽ വാണിജ്യ നികുതി വകുപ്പിനായിരുന്നു. ഈ വെല്ലുവിളി നേരിടുന്നതിന് വകുപ്പ് സുസജ്ജമായതിലും റവന്യു വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് കണ്ടതിലും എനിക്ക് സന്തോഷമുണ്ട്. മൂല്യവർദ്ധിത നികുതി സമ്പ്രദായം (വാറ്റ്) ഏർപ്പെടുത്തുന്നതിലൂടെ നികുതി ഭരണത്തിന്റെ ഒരു പുതിയ യുഗത്തിലേയ്ക്ക് ഈ വർഷം പ്രവേശിക്കും. കേരളം മറ്റ് സംസ്ഥാനങ്ങൾക്കൊപ്പം അടുത്ത വർഷാരംഭം മുതൽ പുതിയ സമ്പ്രദായത്തിലേക്ക് മാറുന്നതിന് തയ്യാറെടുത്തു വരികയാണ്. മറ്റ് സംസ്ഥാനങ്ങളെപ്പോലെ കേരളത്തിനും പുതിയ വ്യവസ്ഥ സംസ്ഥാനത്തെ റവന്യു വരുമാനത്തെ പ്രത്യേകിച്ച് ആദ്യവർഷങ്ങളിൽ ശരിയായി ഏതു വിധത്തിലാണ് സ്വാധീനിക്കുന്നത് എന്നറിയുന്നതിന് ആകാംക്ഷ ഉണ്ട്. എന്നിരുന്നാലും, സാദ്ധ്യതയുള്ള വരുമാനനഷ്ടം നികത്താമെന്നുള്ള കേന്ദ്ര ഗവൺമെന്റിന്റെ വാഗ്ദാനമാണ് എന്റെ ഗവൺമെന്റിനുള്ള ഉറപ്പ്.

**88.** കേരളത്തിലെ ഭാഗ്യക്കുറികൾ നേരിട്ടും അല്ലാതെയും 2.5 ലക്ഷത്തിലധികം ആളുകൾക്ക്—അവരിൽ ഭൂരിപക്ഷവും സമൂഹത്തിന്റെ പ്രതികൂല സാഹചര്യങ്ങളുള്ള വിഭാഗങ്ങളിൽ നിന്നുള്ളവരാണ്—തൊഴിൽ പ്രദാനം ചെയ്യുന്നു. ഈ വർഷം സർക്കാർ ഓൺ ലൈൻ ലോട്ടറി സിസ്റ്റം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു, ആയത് സംസ്ഥാനത്ത് നികുതിയേതര വരുമാനങ്ങളിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കും.

**89.** സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്ന പ്രക്രിയ പൂർത്തിയായിക്കൊണ്ടിരിക്കുന്നതും, ന്യായവില ഉടൻതന്നെ പ്രസിദ്ധീകരിക്കുന്നതുമാണ്. ഈ മുഖ്യ പ്രാധാന്യമുള്ള നടപടി ഭൂമിയുടെ വില കുറച്ചുകാണിക്കുന്നത് ഇല്ലാതാക്കുന്നതും പൊതുജനങ്ങൾക്കുണ്ടാകുന്ന അസൗകര്യങ്ങൾക്ക് ആശ്വാസം പകരുന്നതുമാണ്. 54 സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞിട്ടുള്ളതുകൂടാതെ മറ്റ് 60 സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന ജോലി താമസംവിനാ പൂർത്തിയാക്കുന്നതുമാണ്.

**90.** ഘട്ടംഘട്ടമായി സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് കള്ളുഷാപ്പുകൾക്ക് വ്യക്തിഗത ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുക, കള്ളുഷാപ്പുകളുടെ എണ്ണം കുറയ്ക്കുക മുതലായ കാതലായ ചില മാറ്റങ്ങൾ എന്റെ ഗവൺമെന്റ് അബ്കാരി നയത്തിൽ വരുത്തിയിട്ടുണ്ട്. ഈ വർഷം നിയമം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിലാണ് വകുപ്പിന്റെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. നടത്തിയിട്ടുള്ള റെയിഡുകളുടെ എണ്ണം, കണ്ടുപിടിച്ച കേസുകളുടെ എണ്ണം, നശിപ്പിച്ച വ്യാജമദ്യത്തിന്റെ അളവ് എന്നിവ കാര്യക്ഷമമായ നടപ്പിലാക്കലിന് ഗവൺമെന്റ് നൽകിക്കൊണ്ടിരിക്കുന്ന ഊന്നലിന് വ്യക്തമായ അടിവരയിടുന്നു.

**91.** എന്റെ ഗവൺമെന്റ് സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും മതിയായ സംരക്ഷണം നൽകണമെന്ന അതിന്റെ പ്രാഥമിക കർത്തവ്യം നിറവേറ്റുന്നതിന് പ്രതിജ്ഞാബദ്ധമാണ്. നമ്മുടെ ജനങ്ങൾക്ക് സമാധാനത്തോടും മതസൗഹാർദ്ദത്തോടും കൂടി ജീവിക്കുവാൻ സാധിക്കുമെന്ന് ഉറപ്പാക്കിയാൽ മാത്രമേ

സാമൂഹ്യ പുരോഗതിക്കും സാമ്പത്തിക അഭിവൃദ്ധിക്കും അനുകൂലമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുവാൻ കഴിയുകയുള്ളൂ. ഈ ലക്ഷ്യം നിറവേറ്റുന്നതിന് ആദ്യമായി വേണ്ടത് അച്ചടക്കമുള്ളതും സാമർത്ഥ്യമുള്ളതും കർമ്മനിരതരുമായ ഒരു പോലീസ് സേനയാണ്. പോലീസ് സേന പൗരന്റെയും സമൂഹത്തിന്റെയും ആവശ്യങ്ങളോട് സ്വീകാര്യമായ സമീപനം കാണിക്കുന്നവരും പ്രതികരിക്കുന്നവരുമാണെന്നും, ഒപ്പം ക്രമസമാധാന വ്യവസ്ഥയുടെ നിഷ്പക്ഷതയ്ക്കും പക്ഷപാതരാഹിത്യത്തിനും തടസ്സമുണ്ടാകുന്ന വിധത്തിലുള്ള ബാഹ്യ ഇടപെടലുകൾ ഇല്ലാതെ പോലീസിന് പ്രവർത്തിക്കാൻ കഴിയുന്നുണ്ടെന്നും ഗവൺമെന്റ് ഉറപ്പ് വരുത്തും. സംസ്ഥാനത്തെ ക്രമസമാധാന നില ഗണ്യമായി മെച്ചപ്പെട്ടിട്ടുണ്ടെന്ന കാര്യം ഈ മഹനീയസഭയെ അറിയിക്കുവാൻ എനിക്ക് അത്യധികം സന്തോഷമുണ്ട്. സംസ്ഥാനത്തിന്റെ ഒരു ഭാഗത്തും വൻതോതിലുള്ള വർഗ്ഗീയ സംഘട്ടനങ്ങൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല. രാഷ്ട്രീയ സംഘട്ടനങ്ങളും ഗണ്യമായികുറയുന്ന ഒരു പ്രവണത കാണിച്ചിട്ടുണ്ട്. ഇതൊന്നുംതന്നെ നമ്മെ അലംഭാവ മനോഭാവം ഉള്ളവരാക്കുകയോ നമ്മുടെ ജാഗ്രത കുറയ്ക്കുകയോ ചെയ്യേണ്ടതില്ല.

**92**. പോലീസ് സേനയുടെ നവീകരണ ചെലവുകൾക്കുള്ള വകയിരുത്തൽ 2001-2002-ൽ 20 കോടി രൂപ ആയിരുന്നതിൽ നിന്നും 2002-2003-ൽ 80 കോടി രൂപയായി ഗണ്യമായി വർദ്ധിപ്പിക്കുവാൻ എന്റെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അടുത്ത വർഷാവസാനത്തോടുകൂടി പോലീസ് വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കപ്പെടും. എല്ലാ പോലീസ് സ്റ്റേഷനുകളേയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള വൈഡ് ഏരിയ നെറ്റ്വർക്ക് സ്ഥാപിക്കൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**93**. പോലീസ് സേനയ്ക്ക്, അവരിൽനിന്നും പ്രതീക്ഷിച്ചിട്ടുള്ള ഉന്നത നിലവാരമുള്ള സേവനങ്ങൾ കണക്കിലെടുത്തുകൊണ്ട് മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രദാനം ചെയ്യേണ്ടത് സർക്കാരിന്റെ കർത്തവ്യമാണെന്ന് പറയേണ്ടതില്ലല്ലോ. വരുംവർഷം എന്റെ ഗവൺമെന്റ് 33 പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെയും,

കോൺസ്റ്റബിൾമാർക്കു വേണ്ടിയുള്ള 1104 ക്വാർട്ടേഴ്സുകളുടെയും, സബോർഡിനേറ്റ് ഓഫീസർമാർക്കു വേണ്ടി 272 ക്വാർട്ടേഴ്സുകളുടെയും, മറ്റു 37 പോലീസ് സ്റ്റേഷനുകളുടെയും നിർമ്മാണം പൂർത്തിയാക്കുകയും സായുധ റിസർവ്വ് ക്യാമ്പിലെയും, ബറ്റാലിയൻ ക്യാമ്പിലെയും പോലീസുകാരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടി എടുത്തിട്ടുള്ള നടപടികൾ പൂർണ്ണമായും നടപ്പിലാക്കുകയും ചെയ്യും.

**94**. പുതിയ രണ്ട് വിഭാഗങ്ങൾ, അതായത് ദേശീയ പാതകൾക്കുവേണ്ടി പ്രത്യേകം സജ്ജമാക്കിയ ദേശീയപാതാ പോലീസ് വാഹന യൂണിറ്റും വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കായി ടൂറിസം പോലീസും രൂപീകരിച്ചിട്ടുണ്ട്. കേരള മറൈൻ പോലീസ് യൂണിറ്റ് സ്ഥാപിക്കുന്നതിനായുള്ള ഒരു നിർദ്ദേശം പരിഗണനയിലാണ്. സംസ്ഥാന പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം 10 ശതമാനം ആയി കൂട്ടുന്നതിനും എന്റെ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

**95**. ഒരു സംശുദ്ധമായ ഭരണം കാഴ്ചവയ്ക്കാമെന്ന വാഗ്ദാനത്തോടുകൂടിയാണ് എന്റെ ഗവൺമെന്റ് 2001-ൽ അധികാരത്തിൽ വന്നത്. വിജിലൻസ് വകുപ്പ് തുടർച്ചയായി നടത്തിയ റെയിഡുകളും കുറ്റക്കാർക്കെതിരെ കേസെടുത്ത് ശിക്ഷിക്കുന്നതിനുമുള്ള പരിശ്രമങ്ങളും അഴിമതി ഉൻമൂലനം ചെയ്യുന്നതിന് സർക്കാർ മുന്തിയ പരിഗണന നൽകുന്നു എന്ന വളരെ ശക്തമായ ഒരു സന്ദേശം നൽകിയിട്ടുണ്ട്. എന്നാൽ അപ്രകാരം ചെയ്യുമ്പോൾ സത്യസന്ധതയും അർപ്പണബോധവുമുള്ള ഏതെങ്കിലും സർക്കാർ ജീവനക്കാരന് സ്വതന്ത്രമായും, പീഢനത്തിന്റെയും പകവീട്ടലിന്റെയും ഭയാശങ്ക കൂടാതെയും അവന്റെ/അവളുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനായുള്ള ഒരു തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഗവൺമെന്റ് ഉറപ്പായും പ്രതിജ്ഞാബദ്ധമാണ്. ഗവൺമെന്റ് വിജിലൻസ് വകുപ്പ് കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വെല്ലുവിളി ഉയർത്തുന്ന ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിന് അതിനെ സജ്ജമാക്കുന്നതിനും ഉദ്ദേശിക്കുന്നു.

96. അടിയന്തിര ഘട്ടങ്ങളിലും പ്രകൃതിക്ഷോഭമുണ്ടാകുമ്പോഴും ലഭ്യമായ ഈ വകുപ്പിലെ ധീരരായ ജീവനക്കാരുടെ സേവനം മിക്കപ്പോഴും വിസ്മരിച്ചുകൊണ്ടുതന്നെ, നിർഭാഗ്യവശാൽ കഴിഞ്ഞ ദശകത്തിൽ കേരള ഫയർഫോഴ്സ് അവഗണിക്കപ്പെടുകയുണ്ടായിട്ടുണ്ട്. ഈ വകുപ്പിനെ മെച്ചപ്പെടുത്തുന്നതിനായി ഒരു ത്രിവൽസര കർമ്മ പരിപാടി എന്റെ ഗവൺമെന്റ് നടപ്പാക്കും. ഈ ആവശ്യത്തിനായി ബഡ്ജറ്റിൽ ഗണ്യമായ തുക അധികമായി വകകൊള്ളിക്കുന്നതാണ്.

97. സംസ്ഥാനത്തെ ജയിലുകളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ജയിലുകളുടെ ആധുനികവൽക്കരണത്തിന് പുതിയ '50% സെൻട്രൽ സെക്ടർ സ്കീം' പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

98. സർക്കാരിന്റെ പദ്ധതികൾ ജനങ്ങളെ ഫലപ്രദമായ രീതിയിലും യഥാസമയത്തും അറിയിക്കുന്നതിലാണ് നല്ല പൊതുജനബന്ധം നിലനിൽക്കുന്നത്. ഏതൊരു ജനാധിപത്യ വ്യവസ്ഥയിലും വിവരവും സേവനങ്ങളും സുതാര്യവും ജനങ്ങൾക്ക് പ്രാപ്യവുമാകുന്നത് മർമ്മപ്രധാനമാണെന്ന് ഗവൺമെന്റ് വിശ്വസിക്കുന്നു. ജനങ്ങൾക്ക് അറിയുവാനുള്ള അവകാശത്തിന് നിയമപരമായ രൂപവും സത്തയും നൽകുന്ന 'അറിയുവാനുള്ള അവകാശം ബില്ല്-ന് അവസാനമിനുക്കുപണികൾ നൽകുന്ന പ്രക്രിയയിലാണ് എന്റെ ഗവൺമെന്റ്. യഥാസമയത്തും സമഗ്രമായും വിവരം നൽകുന്നത് ഉറപ്പുവരുത്തുന്നതിനായി ഒരു അന്തർവകുപ്പുതല പ്രചരണ ഏകീകരണ കമ്മിറ്റിക്ക് താമസിയാതെ രൂപം നല്കുന്നതാണ്.

99. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അദ്ദേഹത്തിന്റെ ഒരു സ്വാതന്ത്ര്യദിന പ്രസംഗത്തിൽ ഇപ്രകാരം വാചാലമായി പറയുകയുണ്ടായി:

> **"ഓരോ കണ്ണിൽ നിന്നും കണ്ണുനീർ തുടയ്ക്ക എന്നുള്ളതായിരുന്നു നമ്മുടെ തലമുറയിലെ മഹാൻമാരുടെ അഭിലാഷം. ഇത് ഒരുപക്ഷെ അപ്രാപ്യമായിരിക്കാം. എന്നാൽ കണ്ണുനീരും വേദനയും ഉള്ളിടത്തോളം നമ്മുടെ പരിശ്രമങ്ങൾക്ക് വിരാമമില്ല."**

പണ്ഡിറ്റ്ജിയുടെ ആ സന്ദേശം ഇന്നും നമ്മുക്ക് പ്രചോദനം തന്നുകൊണ്ടേയിരിക്കുന്നു. നമ്മുടെ എല്ലാ നയപരമായ ഉദ്യമങ്ങളുടെയും ഉള്ളിൽ, ഈ സന്ദേശത്തിന്റെ അന്തഃസത്ത ദരിദ്രരിലേക്കും അടിച്ചമർത്തപ്പെട്ടവരിലേക്കും എത്തിക്കുക എന്നതും അവരോരോരുത്തരേയും നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടിയുള്ള ഭഗീരഥ പ്രയത്നത്തിലേക്ക് കൊണ്ടുവരിക എന്നതുമാണെന്ന് എന്റെ ഗവൺമെന്റ് അസന്നിഗ്ദ്ധമായി ഉറപ്പിച്ചുപറയുന്നു.

100. നമ്മുടെ വികസന ലക്ഷ്യങ്ങൾക്കുവേണ്ടി വ്യഗ്രതയോടെ പ്രയത്നിക്കുമ്പോൾ അതുല്യവും അനുഗൃഹീതവുമായ നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങളെ വേർതിരിക്കുന്ന ഇടുങ്ങിയ മതിൽക്കെട്ടുകൾ—അവ രാഷ്ട്രീയമോ, സാമുദായികമോ, സാമ്പത്തികമോ ആയിരുന്നാലും—തകർത്തെറിയണമെന്ന് ആഹ്വാനം ചെയ്യുവാൻ ഒരിക്കൽകൂടി ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. സമ്പദ് വ്യവസ്ഥിതിയിൽ പൊതുമേഖലയും സ്വകാര്യമേഖലയും ഒരുമിച്ച് പരിശ്രമങ്ങൾ നടത്തി രാജ്യത്തെ ഏറ്റവും നല്ല നിക്ഷേപ കേന്ദ്രമാക്കി മാറ്റുന്ന—നിക്ഷേപത്തിന് മുൻപെങ്ങുമില്ലാത്ത വിധത്തിലുള്ള അടിത്തറ ഒരുക്കി ജനങ്ങൾക്ക് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഒരു കേരളം—കഴിഞ്ഞ കാലങ്ങളുടെ അസൂയാവഹമായ സാമൂഹ്യ നേട്ടങ്ങളുടെ മുകളിൽ ഉറച്ചുനിന്ന് വീണ്ടും അതിൻമേൽ നേട്ടങ്ങൾ കെട്ടിപ്പടുത്തുകൊണ്ട് ചിട്ടയായി മുന്നോട്ടു പോകുന്ന ഒരു കേരളം—കേരള ജനതയുടെ ഏറ്റവും മുന്തിയ നൻമയ്ക്കായുള്ള ഈ സാമാന്യ ദർശനം പങ്കുവച്ചുകൊണ്ട് ഇപ്പോൾ ഇവിടെവെച്ച് നമുക്ക് ഒരുമിക്കാം. അപ്രകാരമുള്ള ഒരു ഒരുമയുടെ സംഗീതം നമ്മുടെ ഹൃദയങ്ങളിൽ പ്രതിധ്വനിക്കട്ടെ. മുമ്പോട്ടുള്ള ആ യാത്ര എത്ര ദുഷ്കരമായിരുന്നാൽക്കൂടിയും—ഈ പ്രതിജ്ഞാബദ്ധതയും അർപ്പണബോധവും വികസനത്തിന്റെ വീഥിയിലേക്ക് നമ്മെ നയിക്കുവാൻ സഹായിക്കട്ടെ.

ജയ് ഹിന്ദ്